2023 ഏപ്രിൽ 01

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി

# Suviseshadhwani

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2022-24 • VOL. 41. • ISSUE 41 • പുസ്തകം 41 • ലക്കം 41 • പേജ് 6

## ക്രിസ്തു എന്റെ യജമാനനാണോ? ഞാൻ ക്രിസ്തുവിന്റെ അടിമയാണോ? (ദാസനാണോ?) അതോ സഹോദരനോ?

ജോർജ് സി. വർഗീസ്, തിരുവനന്തപുരം

“യേശുക്രിസ്തുവിന്റെ ദാസനും, യാക്കോബിന്റെ സഹോദരനുമായ യൂദാ, പിതാവായ ദൈവത്തിൽ സ്നേഹിക്കപ്പെട്ടും യേശുക്രിസ്തുവിനായി സൂക്ഷിക്കപ്പെട്ടും ഇരിക്കുന്നവരായ വിളിക്കപ്പെട്ടവർക്ക് എഴുതുന്നത്” (യൂദാ :1)

“അവന്നടിമയനുഭവിക്കും സ്വാതന്ത്ര്യം പോലെ, വേറില്ല സ്വാതന്ത്ര്യമേതും, അന്ത്യശ്വാസം പോംവരെ തൻ വേല ചെയ്യും ഞാൻ. തൃപ്പാദസേവ ചെയ്യും ഞാൻ” (എം.ഇ.സി. ആത്മീയ ഗീതങ്ങൾ 567).

വിഷയത്തിലേക്ക് കടക്കും മുൻപ് ലേഖനത്തിന്റെ മുഖവുരയിൽ എല്ലാ വിശ്വാസികൾക്കും ലഭ്യമായിട്ടുള്ള 3 പദവികൾ യൂദാ വ്യക്തമാക്കുന്നു.

ഒന്ന് : അവർ വിളിക്കപ്പെട്ട പിതാവായ ദൈവത്തിൽ സ്നേഹിക്കപ്പെട്ടവരാകുന്നു. പിതാവായ ദൈവം സ്നേഹിക്കുന്നവരാണ് അവർ.

രണ്ട് : അവർ യേശുക്രിസ്തുവിനായി സൂക്ഷിക്കപ്പെട്ടവരാകുന്നു.

മൂന്ന് : ദൈവം തനിക്കുള്ളവരായിരിക്കുവാൻ ഇവരെ ലോകത്തിൽ നിന്ന് വിളിച്ചിരിക്കുന്നു.

“അവർ പ്രത്യേകതയുള്ളവരും വിശുദ്ധരുമായിരിക്കുവാൻ ദൈവത്താൽ വേർതിരിക്കപ്പെട്ടവരാണ്. രാജാവിനെ തന്റെ മഹത്വത്തിൽ കാണുംവരെ അവർ എല്ലാ അനർത്ഥങ്ങളിൽ നിന്നും മാലിന്യത്തിൽ നിന്നും അത്ഭുതകരമായി സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു” (വില്യം മാക്ഡൊണാൾഡ്).

കുറിവാക്യത്തിൽ കാണിച്ചിരിക്കുന്ന പ്രകാരം, യേശുക്രിസ്തുവിന്റെ ദാസൻ എന്നു പറയുന്നതിന്റെ കാരണം, യേശുക്രിസ്തുവിനെ യജമാനനായി അംഗീകരിക്കുന്നു എന്നതാണ്. യേശുക്രിസ്തുവിന്റെ സഹോദരൻ എന്നാണ് മനുഷ്യരെല്ലാം യൂദായെപ്പറ്റി അറിഞ്ഞിരുന്നത്. എന്നാൽ യേശുക്രിസ്തുവിന്റെ ദാസൻ എന്നാണ് യൂദാ സ്വയം വിശേഷിപ്പിച്ചത്.

പ്രിയരേ, നാം എല്ലാവരും ദൈവത്തിന്റെ ദാസന്മാരാണ്. ദൈവത്തിന്റെ ദാസൻ ദൈവത്തിന്റെ വേലക്കാരനാണ്. മനുഷ്യർ എല്ലാവരും ദൈവത്തിന്റെ മക്കൾ ആണ്. ആത്മീയഗോളത്തിൽ ചിലർ “കർത്താവിന്റെ വിലയേറിയ” ദാസൻ, “ശ്രേഷ്ഠദാസൻ” എന്നൊക്കെ അറിയപ്പെടാൻ ഇഷ്ടപ്പെടുന്നുണ്ടെങ്കിലും ദൈവവചനം ആ വിശേഷണങ്ങൾക്ക് ആധാരമായിരിക്കുന്നില്ല. ഇന്ന് യേശുക്രിസ്തുവിന്റെ അടിമയാകാൻ നിങ്ങളെത്തന്നെ സമർപ്പിക്കുക.

അടിമവ്യവസായം നടക്കുന്ന കാലത്തെ വളരെ പ്രസിദ്ധമായ ഒരു കഥ

അടിമവ്യവസായം നടക്കുന്ന കാലം. അന്ന് ഒരു യജമാനന് മൂന്ന് അടിമകൾ ഉണ്ടായിരുന്നു. ഒരു ഭർത്താവ്, ഭാര്യ പിന്നെ അവരുടെ മകൻ. അന്ന് അടിമകളെ കൊല്ലാൻപോലും യജമാനന് അധികാരമുള്ള കാലമാണ്. നമ്മുടെ വീട്ടിൽ വളർത്തുന്ന കോഴിയെ കൊല്ലാൻ നമുക്ക് അധികാരമുണ്ടല്ലോ. അതുപോലെ, അടിമക്ക് സ്വന്തമായി വ്യക്തിത്വമോ, കൂലി ചോദിക്കാൻ അവകാശമോ ഇല്ലായിരുന്നു.

യജമാനനായ മനുഷ്യൻ തന്റെ 3 അടിമകളെയും വിൽക്കാൻ ചന്തയിൽ കൊണ്ടുപോയി. മൃഗങ്ങളെ വിൽക്കാൻ ചന്തയിൽ നിർത്തുന്നതുപോലെ നിർത്തിയിരിക്കുകയാണ്. അടിമകൾ മൂന്നു പേരും സങ്കടം സഹിക്കാനാവാതെ കരഞ്ഞുകൊണ്ടിരിക്കുകയാണ്. കാരണം വിറ്റുകഴിഞ്ഞാൽ പരസ്പരം കാണാൻ പറ്റുകയില്ലല്ലോ. ഒരാളെ മേടിക്കുന്നവനല്ല മറ്റുള്ളവരെ മേടിക്കുന്നത് എന്തു ചെയ്യും?

അപ്പോൾ ഒരാൾ വന്ന് പുരുഷനെ (അപ്പനെ) വില കൊടുത്ത് വാങ്ങിക്കൊണ്ടുപോയി. അപ്പൻ കരയുന്നു, അമ്മ വാവിട്ടു കരയുന്നു, മകൻ കരയുന്നു. ഇനി എന്നു കാണും? എന്നേക്കുമുള്ള വേർപാടായിരിക്കുമോ? ആർക്കറിയാം? അല്പം കഴിഞ്ഞപ്പോൾ അമ്മയ്ക്ക് വില പറഞ്ഞ് വേറെ ആൾ വാങ്ങിച്ചുകൊണ്ടുപോയി. ഭയങ്കര കരച്ചിൽ മകനെ മറ്റൊരാളും മേടിച്ചു കൊണ്ടു പോയി.

ഈ കരച്ചിലെല്ലാം കണ്ടുകൊണ്ട് ഒരു നല്ല മനുഷ്യൻ നിൽപുണ്ടായിരുന്നു. അദ്ദേഹം അപ്പനെ വാങ്ങിച്ചുകൊണ്ടുപോയ ആളോടു ചോദിച്ചു. ഈ അടിമയെ കൊടുക്കുമോ? എന്താണ് വില?

അയാൾ വലിയൊരു തുക വില പറഞ്ഞു. അയാൾ വാങ്ങിച്ചതിനെക്കാൾ വലിയ വില. ഈ മനുഷ്യൻ അയാൾ പറഞ്ഞ വില കൊടുത്ത് ആ അടിമയെ വാങ്ങി.

അപ്പനെ വാങ്ങിച്ചശേഷം, അയാൾ അമ്മയെ വാങ്ങിച്ച ആളിന്റെ പുറകെ പോയി വില ചോദിച്ചു. പറഞ്ഞ വിലക്ക് അമ്മയേയും വാങ്ങിച്ചു. മകനെ വാങ്ങിയ ആളുടെ അടുക്കൽ ചെന്ന്, അയാൾ പറഞ്ഞ വലിയ വില കൊടുത്ത് മകനേയും വാങ്ങി. ഇപ്പോൾ വീണ്ടും ഒരാളുടെ കീഴിൽ അടിമകൾ മൂവരും ഒന്നിച്ചായി. അദ്ദേഹം ഈ മൂന്ന് അടിമകളേയും വീട്ടിൽ കൊണ്ടുവന്നു. അവർക്ക് വലിയ സന്തോഷമായി. ഇനി ഒരുമിച്ച് ജീവിക്കാമല്ലോ. എന്തു ജോലി വേണമെങ്കിലും ചെയ്യാം.

യജമാനൻ അവരോടു പറഞ്ഞു. നിങ്ങൾ ഇപ്പോൾ എന്റെ വകയാണല്ലോ. ഞാൻ നിങ്ങളെ സ്വതന്ത്രരായി വിടുകയാണ്. നിങ്ങൾ എനിക്ക് ഒന്നും തരണ്ട.

▶▶ ശേഷം 4-ാം പേജിൽ



കർത്തൃദാസൻ **പി.റ്റി. ജോൺ** (76) മാമലശേരി മാർച്ച് 29 ന് താൻ പ്രിയം വച്ച കർത്തൃസന്നിധിയിൽ പ്രവേശിച്ചു. താൻ സുവിശേഷധ്വനി, വൈ.എം.ഇ.എഫ്., ബി.ആർ.ടി. ഐ.ഇ.റ്റി. തുടങ്ങിയ പല പ്രവർത്തനങ്ങളുടെയും ചുക്കാൻ പിടിച്ചിരുന്നു.

കൂടുതൽ വിവരങ്ങൾ പിന്നാലെ.

**വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ് ബൈബിൾ ക്യാമ്പ് പുത്തൻകാവ് എസ്.ബി.എസ്. ക്യാമ്പ് സെന്ററിൽ വച്ച് 2023 ഏപ്രിൽ 13 ന് ആരംഭിക്കുന്നു**

സുവിശേഷധ്വനിയുടെ ഓഫീസ് ഈ ക്യാമ്പിൽ പ്രവർത്തിക്കുന്നതാണ്.

## തകർന്നവനെ ഉയർത്തുന്ന ദൈവം

കുഞ്ഞച്ചൻ തോമസ്, കുളത്തൂപ്പുഴ

യിരമ്യാവ് ഭൂമിയിൽ ജനിക്കുന്നതിനു മുമ്പേ അമ്മയുടെ ഗർഭം മുതൽ ദൈവത്താൽ വിളിക്കപ്പെട്ട്, അഭിഷിക്തനായി തിരഞ്ഞെടുക്കപ്പെട്ട് അവനെ ശുശ്രൂഷകൾ ഏല്പിക്കുന്നു. എന്നാൽ യിരമ്യാവിന്റെ പ്രതികരണം “ഞാൻ ബാലനല്ലോ എനിക്ക് സംസാരിപ്പാനറിയില്ല” എന്നൊക്കെ പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നു (യിര. 1:5,6). എന്നാൽ ദൈവം നീ അങ്ങനെ പറയരുത്, നീ ഭയപ്പെടരുത് ഞാൻ നിന്നോടുകൂടെയുണ്ട് (യിര. 1:7). അമ്മയുടെ ഉദരത്തിലിരിക്കുമ്പോൾ തന്നെ പ്രവാചകനായി തിരഞ്ഞെടുത്തിരുന്നു. ഇതുപോലെ മറ്റാരുമില്ല. ന്യായ. 6:14 -ൽ ദൈവം ഗിദെയോനെ വിളിച്ചപ്പോൾ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. ദൈവം പറഞ്ഞു “ഈ ബലത്തോടെ പോക, ഞാനല്ലോ നിന്നെ അയക്കുന്നത്” അവൻ വിളി ഏറ്റെടുത്തു. ദൈവം മോശയെ വിളിച്ചപ്പോൾ ഞാൻ വിക്കനാണ്, സാമർത്ഥ്യം ഇല്ലാത്തവനാണ് എന്നുപറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിച്ചു (പുറ. 4:10,12). ദൈവം കൂടെയിരുന്ന് ആ പ്രവൃത്തിയെ പോഷിപ്പിക്കും. നിന്നെ വിളിച്ചവൻ ഞാനാണ് നീ പോക ബാക്കി വഴികളെ ഞാൻ ക്രമീകരിച്ചു തരും. നാം ദൈവത്തിന്റെ ആലോചനകളെ മുറുകെപിടിച്ചു മുമ്പോട്ടുപോക. അവൻ കൃപകൾ പകർന്നുതരും. അപ്പ. പ്ര. 9:4-6 -ൽ ദമസ്കോസിന്റെ പടിവാതിൽക്കൽ വച്ച് മതഭേദത്തിൽ എരിവേറിയ ശൗലിനെ ദൈവം പിടിച്ചു “നീ ആരാകുന്നു കർത്താവേ, ഞാൻ എന്തു ചെയ്യണം” അവൻ ചോദിച്ചു. നീ പട്ടണത്തിൽ ചെല്ലുക, നീ ചെയ്യേണ്ടത് അവിടെ നിന്നോടു പറയും. അപ്പൊ. പ്ര. 13:48 -ൽ നിത്യജീവനായി നിയമിക്കപ്പെട്ടവർ എല്ലാവരും വിശ്വസിച്ചു. കർത്താവ് ശൗലിനെ പൗലോസാക്കി മാറ്റി. പുറ. 33:17 -ൽ ദൈവത്തിനു കൃപ തോന്നി മോശയെ അടുത്തറിഞ്ഞു. ദൈവം നമ്മെ അടുത്തറിയാൻ കഴിയുന്നുണ്ടോ? ഗലാ. 4:9 -ൽ ദൈവത്തെ നാം അറിഞ്ഞു. മാത്രമല്ല, വിശേഷാൽ ദൈവം നിങ്ങളെ അറിഞ്ഞിരിക്കുന്നു. നാം ദൈവത്തെ അറിയുന്നതിലുപരി ദൈവം നമ്മെ അറിയുന്നുണ്ടോ എന്നതാണ് ചിന്തിക്കേണ്ടത്. ഗലാ. 1:15 -ൽ എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം, തന്റെ കൃപയാൽ ലോകസ്ഥാപനത്തിനുമുമ്പേ ക്രിസ്തുവിൽ നമ്മെ വിളിച്ചു തന്റെ മക്കളാക്കി. എഫേ. 1:4 നമ്മെ അവന്റെ രൂപത്തോട് അനുരൂപരാക്കുവാൻ മുൻനിയമിച്ചിരിക്കുന്നു. റോമ. 8:30 അവൻ മുൻനിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചുമിരിക്കുന്നു. യശ. 13:1 -ൽ ഇരുട്ടിലെ നിക്ഷേപങ്ങളെയും മറവിടങ്ങളിലെ ഗുപ്തനിധികളെയും തരുന്നതിന് നീ അറിയാതിരിക്കെ നിന്നെ ഓമനപ്പേർ ചൊല്ലി വിളിച്ചിരിക്കുന്നു. ആ ദൈവത്തെ പരമാർത്ഥ ഹൃദയത്തോടെ നന്ദിയാൽ സത്യമായി പിൻപറ്റണം.

യിര. 1:8 -ൽ യിരമ്യാവ് കുശവന്റെ വീട്ടിലേക്ക് ചെല്ലുന്നു. അവൻ ബാലനും കഴിവില്ലാത്തവനുമെന്ന് തന്നെത്താൻ മനസിലാക്കി താഴ്ത്തി. ഏതു കഴിവുകെട്ടവനേയും ബലഹീനനെയും ഉയർത്തി കഴിവുള്ളവരാക്കി പ്രയോജനപ്പെടുത്തുന്നത് ദൈവമാണ്. അവന് അസാദ്ധ്യമായതൊന്നുമില്ല (യിര. 32:27). താഴ്ചയുള്ള

▶▶ ശേഷം 2-ാം പേജിൽ

വൈ. എം. ഇ. എഫ്.
വടക്കൻ വിഭാഗം ട്രസ്റ്റ്
അങ്കമാലി
ബൈബിൾ ക്യാമ്പ്
പോത്താനിക്കാട്
സ്ഥലം
പോത്താനിക്കാട് ബ്രദറൺ സഭാഹാൾ
സമയം
2023 ഏപ്രിൽ 5 ബുധൻ രാവിലെ 11 മുതൽ 8 ശനി ഉച്ചയ്ക്ക് 1 മണി വരെ
ലീഡേഴ്സ്
ബ്രദർ നെൽസൺ തോമസ്, മുബൈ
ബ്രദർ എബി കെ. ജോർജ്ജ്, മല്ലശ്ശേരി
ബ്രദർ ജി. കെ. ജയരാജ്, തൃശ്ശൂർ
ദൈവമക്കൾ പ്രാർത്ഥനയോടെ ആദിയോടന്തം ക്യാമ്പിൽ പങ്കെടുക്കണം.
വി.വി. പൗലോസ്
പ്രസിഡന്റ്
റൂമിസ് എം. മാത്യു
സെക്രട്ടറി

എഡിറ്റോറിയൽ — പേജ് 2
ഫിലേമോൻ ലേഖന പഠനം — പേജ് 3
യുവലോകം — പേജ് 4
മഹത്വത്തിൽ — പേജ് 5
ചിന്ത — പേജ് 6

SUVISESHADHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2023 ഏപ്രിൽ 01/ പുസ്തകം 41 ലക്കം 41

എഡിറ്റോറിയൽ

# ഇവരെ സൂക്ഷിക്കുക; ഇവർ മുച്ചൂടും മുടിച്ചുകളയും

എക്കാലത്തും സഭയ്ക്കു ഭീഷണിയായിരുന്നിട്ടുള്ളത് പുറത്തു നിന്നുള്ളവരെക്കാൾ അകത്തുനിന്നു തന്നെയുള്ളവരായിരുന്നു. ദുരുപദേശക്കാർ അകത്തുനിന്നു തന്നേ, നിങ്ങളുടെ ഇടയിൽ നിന്നുതന്നേ, എഴുന്നേറ്റുവരും എന്നു അപ്പൊസ്തലന്മാർ അന്നേ മുന്നറിയിപ്പ് നിൽകിയിരുന്നു. അതുപോലെ, വളർന്നു കൊണ്ടിരിക്കുന്ന പരീശക്കൂട്ടായ്മകൾ സഭയ്ക്കു എന്നും കടുത്ത ഭീഷണിയായിരുന്നു. കർത്താവിന്റെ വാക്കുകൾക്കു മൂർച്ച കൂടുവാൻ കാരണം പാപികളല്ലായിരുന്നു; സ്വയം നീതിമാന്മാർ എന്നു അഭിമാനിച്ചിരുന്ന പരീശന്മാരായിരുന്നു. അവരുടെ വികല മനോഭാവത്തെയും പ്രവൃത്തിയെയും കർത്താവ് കണക്കിനു ശകാരിക്കുന്നുണ്ടല്ലോ. പരീശസാന്നിദ്ധ്യം അന്ന് യിസ്രായേലിന് ആത്മീയ അഭിവൃദ്ധിക്കു തടസ്സമായിരുന്നതുപോലെ ഇന്നും ഇക്കൂട്ടർ പുതിയനിയമസഭയുടെ വളർച്ചയ്ക്ക് തടയണയായി നിൽക്കുന്നു. ഇത് അപകടകരമായ നിലയിൽ ചില കാലഘട്ടങ്ങളിൽ വളർന്നിട്ടുണ്ട്; ഇന്ന് അത് മൂർദ്ധന്യതയിൽ എത്തിനിൽക്കുന്നതായി കാണുന്നു.

പരീശത്വം ഒരു വികല മനോഭാവമാണ്. അത് കൂടുതൽ ആളുകളിലേക്ക് വരുമ്പോഴും സഭയെയും സഭാനേതൃത്വത്തെയും സ്വാധീനിക്കുമ്പോഴും അതു മുഴുസഭയെയും ബാധിക്കുന്ന അർബുദമായി മാറുന്നു. അതുകൊണ്ട് പരീശത്വത്തെ നാം തിരിച്ചറിയുകയും അതിനെ പ്രതിരോധിക്കുകയും വേണം. അതു നമ്മിൽ വളരുവാൻ അനുവദിക്കരുത്; അതു സഭകളെ സ്വാധീനിക്കുവാനും അനുവദിച്ചുകൂടാ.

ആത്മീയ പരിവേഷമാണ് ഇവരുടെ മുഖമുദ്രയും ആകർഷണവും – തങ്ങൾക്കുതന്നേ തങ്ങൾ നീതിമാന്മാരെന്നു തോന്നുന്ന സ്ഥിതി! അങ്ങനെ വരുമ്പോൾ അവർ മറ്റുള്ളവരെ ധിക്കരിക്കുകയും തങ്ങളെത്തന്നെ ഉയർത്തുകയും ചെയ്യും. തിരുവചനപ്രകാരം മാത്രം ചിന്തിക്കുകയും വചനപ്രകാരം മാത്രം പ്രവർത്തിക്കുകയും ചെയ്യുന്നവരാണു തങ്ങളെന്നും തങ്ങൾ വേറെ ഒരു "ലെവലിലുള്ളവരാണെന്നു" മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യും (അതു അങ്ങനെ തന്നെ ആണു താനും). അങ്ങനെ വന്നുവന്നു തങ്ങൾ മറ്റുള്ളവരെക്കാൾ വളരെ നല്ലവരാണെന്നു ചിന്തിക്കുകയും 'പാപികളെ' സഹായിക്കുന്നതിൽ ദൈവത്തെ തന്നെ കുറ്റപ്പെടുത്തുവാൻ തുടങ്ങുകയും ചെയ്യും. 'മുടിയൻ' പുത്രന്റെ സഹോദരൻ പിതാവിനെ കുറ്റപ്പെടുത്തുന്നതു മറക്കേണ്ട. മറ്റൊന്ന്, ഇവർ എന്നും ഭൂതകാല ജീവികളായിരിക്കും: 'ഹൊ–സൈമൺ സാറിന്റെ കാലത്ത്, ചെറിയാൻ സാറിന്റെ കാലത്ത്' എന്നിങ്ങനെ ഇടയ്ക്കിടയ്ക്ക് പറഞ്ഞുകൊണ്ടിരിക്കും.

> **മാറ്റമില്ലാത്ത സഭാസത്യങ്ങൾ നാം മുറുകെ പിടിക്കുമ്പോൾ തന്നെ, ഗുരുവിനേക്കാൾ വലിയ ഗുരുഭക്തിയാൽ നിയന്ത്രിക്കപ്പെട്ടവരായി തീരാതിരിക്കുവാൻ ശ്രദ്ധയുള്ളവരുമായിരിക്കാം.**

ഇവർ വചനത്തിൽ നിന്നു "ഇടത്തോട്ടോ, വലത്തോട്ടോ" മാറാത്ത കടുത്ത കർക്കശക്കാരായിരിക്കും. ശബ്ബത്തിൽ രോഗിയെ സൗഖ്യമാക്കിയാൽ അവർ കർത്താവിനെപ്പോലും ശാസിക്കും. 'പാപിയായിരുന്ന' ശിംശോനെ (കർത്താവിനെയും അവർ പാപി എന്നു വിളിച്ചല്ലൊ); വിശ്വാസവീരന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയ എബ്രായ ലേഖനകാരനെയും വിമർശിക്കും! അതായത്, ഇവർ തങ്ങളെ ഒഴികെ എല്ലാവരെയും വിമർശിക്കും. ഇവർ തങ്ങളെത്തന്നെ തങ്ങളോട് ഉപമിക്കയും മറ്റുള്ളവരോട് താരതമ്യപ്പെടുത്തി തങ്ങളെത്തന്നെ ഉയർത്തുകയും ചെയ്യും.

ഇന്ന് മിക്കസഭകളിലും ഇവരുടെ സാന്നിധ്യം വ്യക്തമായി കാണുവാൻ കഴിയും. പല സഭകളും ഇവരുടെ സ്വാധീനത്താൽ പല യോഗങ്ങളും നിർത്തലാക്കിക്കഴിഞ്ഞു. വർഷാവസാനത്തിലുള്ള മീറ്റിംഗ്, സഹോദരിമാരുടെ മീറ്റിംഗ്, യുവാക്കളുടെ കൂട്ടായ്മ തുടങ്ങി പല യോഗങ്ങളും... വൈ.എം.ഇ.എഫ്., എസ്.ബി.എസ്. ഇവയൊക്കെ സംഘടനകളാണെന്ന കാരണത്തിലൂന്നി ഇവയുടെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. പല കൺവൻഷനുകളും സാങ്കേതികതയുടെ അളവുനൂൽ പിടിച്ച് ആരാധന കൂടാതെ അവസാനിപ്പിക്കുന്നതിൽ അവർ വിജയിച്ചു കഴിഞ്ഞു. നമ്മുടെ മധ്യത്തിൽ നല്ല ലക്ഷ്യത്തോടെ മാതൃകാപരമായി പ്രവർത്തിക്കുന്ന പല ബൈബിൾ സ്കൂളുകളും ഇവരുടെ കണ്ണിൽ കരടായി മാറിക്കഴിഞ്ഞു. ക്രിസ്തീയ പത്രമാധ്യമങ്ങൾ വചനവിരുദ്ധമെന്നു അവർ പ്രചരിപ്പിക്കുകയും അപ്പോൾതന്നെ നവമാധ്യമകൂട്ടായ്മകളിലൂടെ തങ്ങളുടെ ആശയങ്ങളെ വിതരണം ചെയ്യുകയും ചെയ്യുന്നു. വചനത്തിന്റെ തലനാരിഴ കീറി, കർത്താവിനെപ്പോലും ഇവരുടെ നൂതന ആശയങ്ങളാൽ അതിശയിപ്പിക്കുന്നതിനാൽ പിതാക്കന്മാർ നന്മയെന്നു കണ്ട് ഏർപ്പെടുത്തിയ പല കാര്യങ്ങളും നിർത്തലാക്കുവാൻ ഇവർ വിശ്വാസികളെ തെറ്റായി സ്വാധീനിക്കുന്നു. അക്കാലത്ത് കർത്താവ് വിമർശിച്ചതുപോലെ ഇന്നത്തെ പരീശപരിഷകളും വിമർശനത്തിന് വിധേയരാകേണ്ടവർ തന്നെയാണ്. സൂക്ഷിച്ചില്ലെങ്കിൽ ഇവർ നമ്മുടെ സഭകളെയും വിവിധ പ്രവർത്തനങ്ങളെയും മുച്ചൂടും തകർത്തുകളയും. സ്നേഹം, കരുണ, ദയ എന്നിവ വിട്ടുകളയുകയും ലജ്ജ കൂടാതെ ദരിദ്രരെ ഇവർ അപമാനിക്കയും ചെയ്തിരിക്കുന്നു.

മാറ്റമില്ലാത്ത സഭാസത്യങ്ങൾ നാം മുറുകെ പിടിക്കുമ്പോൾ തന്നെ, ഗുരുവിനേക്കാൾ വലിയ ഗുരുഭക്തിയാൽ നിയന്ത്രിക്കപ്പെട്ടവരായി തീരാതിരിക്കുവാൻ ശ്രദ്ധയുള്ളവരുമായിരിക്കാം. അതല്ലെങ്കിൽ കർത്താവ് നമ്മെയും വെള്ള തേച്ച ശവക്കല്ലറകൾ എന്നു വിളിക്കുകയും ഒരുനാൾ അകക്കാഴ്ചകൾ കാണിച്ചുതരികയും ചെയ്യും.

**സാമുവൽ തോമസ്**

▶▶ 1-ാം പേജ് തുടർച്ച

# തകർന്നവനെ ഉയർത്തുന്ന ദൈവം

വരെ ഉയർത്തി തനിക്കിഷ്ടംപോലെ കൃപ പകരേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് നാം താണിരിക്കണം (1 പത്രോ. 5:6,7). അവൻ എളിയവനെ പൊടിയിൽ നിന്ന്, കുപ്പയിൽ നിന്നുയർത്തി തനിക്ക് മാനപാത്രമാക്കി മാറ്റുന്നു (സങ്കീ. 113:7). തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തെ അവൻ നിരസിക്കയില്ല (സങ്കീ. 51:17). മനം തകർന്നവരെ സൗഖ്യമാക്കി അവരുടെ മുറിവുകളെ കെട്ടുന്ന ദൈവം (സങ്കീ. 147:3). ദൈവം നിഷ്കളങ്കനെ നിരസിക്കയില്ല; ദുഷ്പ്രവൃത്തിക്കാരെ താങ്ങുകയുമില്ല (ഇയ്യോ. 8:20). തന്റെ മുമ്പിൽ താഴുന്നവനെ ഉയർത്തുന്ന നല്ല ദൈവമാണ് നമ്മുടെ ദൈവം. യിരമ്യാവിനോടു ദൈവം പറഞ്ഞു "നീ എഴുന്നേറ്റു കുശവന്റെ വീട്ടിൽ ചെല്ലണം. യെശ. 60:1 -ൽ നിന്റെ പ്രകാശം വന്നിരിക്കയാൽ നീ എഴുന്നേല്ക്കണം. നമ്മിലുദിച്ച പ്രകാശം നാം തിരിച്ചറിയണം. മത്താ. 5:14 -ൽ നമ്മെ ലോകത്തിന് വെളിച്ചമാക്കി വെച്ചിരിക്കയാൽ മറ്റുള്ളവർക്ക് പ്രകാശമായിത്തീരണം. തന്നെ കുഴിയിലും കുഴഞ്ഞ ചേറ്റിലുമായി മരണവാതിലിനോടു സമീപിച്ചിരുന്ന നമ്മെ വീണ്ടെടുപ്പാൻ തന്റെ പുത്രനെ മരണത്തിന്റെ പൊടിയിലേക്കിറക്കി. സങ്കീ. 40:1,2; 107:18, പുത്രനെ തകർത്തു കളഞ്ഞുകൊണ്ട് നമ്മെ രക്ഷിച്ചു. അന്ധകാരത്തിൽ നിന്നു അത്ഭുത പ്രകാശത്തിലേക്ക് നമ്മെ വിളിച്ചു (1 പത്രോ. 2:9). അവങ്കലേക്ക് നോക്കിയവർ ലജ്ജിക്കാതെ പ്രകാശിതരായി (സങ്കീ. 34:5, 25:3). നാം ജീവന്റെ പ്രകാശത്തിൽ നടക്കേണ്ടതിന് പ്രാണനെ മരണത്തിൽ നിന്നു വിടുവിച്ചു (സങ്കീ. 56:13). യിരമ്യാവേ നീ എഴുന്നേറ്റു കുശവന്റെ വീട്ടിൽ പോകണം. അവൻ അനുസരിച്ചു ചെന്നപ്പോൾ കുശവൻ ചക്രത്തിന്മേൽ താൻ കുഴച്ച മണ്ണിനെ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഉടഞ്ഞതിനെ കളയാതെ വീണ്ടും കുഴച്ച് തനിക്കിഷ്ടമായി രൂപപ്പെടുത്തുന്നു. കുശവന്റെ വീട്ടിൽ ചെല്ലുന്നവന് നാലുകാര്യം കാണാം (1) പണിശാല (2) കറങ്ങുന്ന ചക്രം (3) കുഴച്ച കളിമണ്ണ് (4) ചിലമാനപാത്രവും, ഉടഞ്ഞ പാത്രവും, ദൈവം യിരമ്യാവിനോടു പറഞ്ഞു നീ കുശവന്റെ വീട്ടിൽ ചെല്ലുക. അവിടെ എനിക്ക് നിന്നോട് ചിലത് പറയാനുണ്ട്. മുന്നോട്ട് പോക എന്ന ശബ്ദം കേൾക്കുന്നു. 1 രാജ. 19:5–7 -ൽ ഏലിയാവ് ചൂരച്ചെടിയുടെ ചുവട്ടിൽ കിടന്നുറങ്ങി. അപ്പോൾ ദൂതൻ തട്ടിയുണർത്തി "എഴുന്നേറ്റു തിന്നുക, നിനക്ക് ദൂരെ യാത്ര ചെയ്യാനുണ്ട്" നെഹെമ്യാ പറഞ്ഞു "എനിക്ക് സ്വർഗ്ഗത്തിലെ ദൈവം കാര്യം സാധിപ്പിച്ചു തരും, ഞങ്ങൾ എഴുന്നേറ്റ് പണിയും". മിസ്രയിമിൽ നിന്നു പുറപ്പെട്ട ജനം ചെങ്കടലിങ്കൽ എത്തി. മുമ്പിൽ ആർത്തിരമ്പുന്ന ചെങ്കടൽ പിന്നിൽ മികബലമുള്ള ഫറവോനും സൈന്യവും. ഒരു വഴിയുമില്ല. എല്ലാം പ്രതികൂലം. അവിടെ ആഴിയിലും വഴിയൊരുക്കാൻ സർവ്വശക്തനായ ദൈവം കൂടെയുണ്ട്. വിശ്വാസത്തോടെ മുമ്പോട്ടുപോകണം. ഏതു സാഹചര്യത്തിലും കരുതി പരിപാലിപ്പാൻ ദൈവം ശക്തനാണ്. അന്ധകാരം ഭൂമിയേയും കൂരിരുട്ട് ജാതികളേയും മൂടുവാൻ പോകുന്നു (യശ. 60:1). ആർക്കും പ്രവർത്തിച്ചു കൂടാത്ത രാത്രി വരുന്നു (യോഹ. 9:4). നാം ധൈര്യമായി വിശ്വാസത്തോടെ മുമ്പോട്ടുപോകണം ഒന്നിനാലും അധൈര്യപ്പെടരുത്.

യിരമ്യാവ് കുശവന്റെ വീട്ടിൽ ചെല്ലുമ്പോൾ ചക്രത്തിന്മേൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുശവനെ കാണുന്നു. അവൻ മണ്ണുകുഴച്ച് ചക്രത്തിന്മേൽ നല്ല ആകൃതിയുള്ള പാത്രം മെനഞ്ഞെടുക്കുന്നു. ഉടഞ്ഞതിനെ കളയാതെ വീണ്ടും കുഴച്ച് ആകൃതി വരുത്തുന്നു. നമ്മുടെ ഏതവസ്ഥയിലും നമ്മെ തന്റെ ഹിതപ്രകാരം രൂപപ്പെടുത്തി എടുക്കുന്ന ഒരു ദൈവമുണ്ട്. എഫേ. 2:22 നാം അവന്റെ കൈപ്പണിയായി ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു. നാം സൽപ്രവൃത്തികൾക്കായി ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. മണ്ണ് എടുക്കുമ്പോൾ കുശവന് ഒരു പ്ലാൻ ഉണ്ട്. അതനുസരിച്ച് മണ്ണിനെ രൂപപ്പെടുത്തി

▶▶ ശേഷം 6-ാം പേജിൽ

## ധ്വനി ബൈബിൾ ക്വിസ് – 38
## രാജാക്കന്മാരുടെ രണ്ടാം പുസ്തകം

1. യഹോവയുടെ ജയാസ്ത്രം എയ്തത് ആര്?
2. കുറ്റമില്ലാത്ത രക്തം ചൊരിയിച്ചത് ആര്?
3. അബാനയുടെയും പർപ്പരിന്റെയും പ്രത്യേക എന്ത്?
4. മോശ ഉണ്ടാക്കിയ താമ്ര സർപ്പത്തിന്റെ പേര് എന്ത്?
5. "മരിപ്പിക്കയും ജീവിപ്പിക്കയും ചെയ്‌വാൻ ഞാൻ ദൈവമോ"? ആര് ആരോട് പറഞ്ഞു?
6. ശാഫാൻ ആരായിരുന്നു?
7. തന്നെത്തന്നെ നായയോട് സാദൃശ്യപ്പെടുത്തിയത് ആര്?
8. സേലയുടെ മറ്റൊരു പേര് എന്ത്?
9. ജനം ചവിട്ടിക്കൊന്നത് ആരെ?
10. ഹോശേയ ആശ്രിതനായിത്തീർന്നത് ആർക്ക്?

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 25**

**വിലാസം: സ്പർജൻ കെ. ജെ, ബൈബിൾ ഭവൻ,**
**റസ്സൽപുരം. പി. ഒ., ബാലരാമപുരം , തിരുവനന്തപുരം – 695 501**
**ഇമെയിൽ : spurjan.kj@gmail.com, വാട്ട്സാപ്പ് നമ്പർ : 9495131875**

ചീഫ് എഡിറ്റർ : സാം സഖറിയ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : ജോയികുമാർ വി.കെ.
സർക്കുലേഷൻ മാനേജർ : സ്പർജൻ കെ.ജെ.
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
വിദേശങ്ങളിൽ : ₹ 3000/-

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 009604073006195001
IFSC Code : CSBK 0000096

**തിരുമൊഴി**

"നിന്റെ പ്രവൃത്തികളെ യഹോവെക്കു സമർപ്പിക്ക; എന്നാൽ നിന്റെ ഉദ്ദേശങ്ങൾ സാധിക്കും" (സദൃ. 16:3).

Every Tribe... Every Language

## എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ
# ജാർഖണ്ഡ് – ഖോർറ്റ

ജനസംഖ്യ : 4,70,000



ഝാർഖണ്ഡിലെ 4.7 ലക്ഷത്തോളം ജനങ്ങൾ സംസാരിക്കുന്ന ഖൊർറ്റ ഭാഷയ്ക്ക് സംസ്ഥാനത്തെ അംഗീകൃത ഭാഷകളിൽ രണ്ടാം സ്ഥാനമാണുള്ളത്. ഝാർഖണ്ഡിലെ ആകെയുള്ള 24 ജില്ലകളിൽ 12 ജില്ലകളിലും ഖൊർറ്റ ഭാഷ സംസാരിക്കുന്നു. അഹർ, ഘാസി, കമർ, കർമാലി, കുംഭാർ, തെലി, കോയ്രി, റോണിയർ, ബനിയ, ബൗരി, നോനിയ, കവാറ്റ്, കുട്മി, ബ്രാഹ്മിൺ തുടങ്ങിയ നാനാജാതി മതസ്ഥരായ ആളുകൾ ഒരുപോലെ ഈ ഭാഷ സംസാരിക്കുന്നു. കൂടാതെ ഗോത്രസമൂഹങ്ങളായ ബിർഹോർ, മുണ്ട, ഒറാൻ തുടങ്ങിയവരും ഖൊർറ്റ ഭാഷ സജീവമായി ഉപയോഗിക്കുന്നവരാണ്. സന്താൾ, ഗുൽ ഗുജി ആദിവാസി സമൂഹങ്ങൾക്കും ഖൊർറ്റ പൊതുഭാഷയാണ്. ഖൊർറ്റ സംസാരിക്കുന്നവരിൽ 67% സാക്ഷരരാണ്.

ഇന്ത്യയിലെ ഇതര ന്യൂനപക്ഷ ഭാഷകളോടു താരതമ്യം ചെയ്യുമ്പോൾ ഖൊർറ്റയ്ക്ക് പ്രത്യേക പൈതൃകം അവകാശപ്പെടുവാനുണ്ട്.

10 വർഷങ്ങൾക്കുമുമ്പ് ഝാർഖണ്ഡ് ഗവൺമെന്റ് ഹൈസ്കൂൾ തലത്തിലും ഹയർ സെക്കണ്ടറി തലത്തിലും ഖൊർറ്റ ഭാഷ ബോർഡ് പരീക്ഷയ്ക്കായി ഉപയോഗിക്കുവാൻ അനുമതി നല്കി. കേവലം 2% മാത്രമാണ് ഈ മേഖലയിലെ ക്രൈസ്തവ സാന്നിദ്ധ്യം. ഖൊർറ്റാഭാഷയിലെ ബൈബിൾ പരിഭാഷ ഈ മേഖലയിലെ സഭകളുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

**പ്രാർത്ഥനയ്ക്ക്**

✧ ഖൊർറ്റ പുതിയനിയമത്തിന്റെ പരിഭാഷ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പരിഭാഷകരെ സഹായിക്കുന്നതിനായി.

✧ പരിഭാഷക കുടുംബത്തിന്റെയും ഭാഷാസഹായികളുടെയും സുരക്ഷയ്ക്കായി.

✧ ഖൊർറ്റ ഏരിയായിലെ സഭകളും സംഘടനകളും ഐക്യമായി പ്രവർത്തിക്കുന്നതിനായി.

✧ ഖൊർറ്റ ഭാഷയിലെ പരിഭാഷകരും അവരുടെ സഹപ്രവർത്തകരും കർത്താവ് ഏൽപ്പിച്ചിരിക്കുന്ന ശുശ്രൂഷയിൽ സമർപ്പണത്തോടെ നിലനിൽക്കുന്നതിനായി.

**സമ്പാദനം : ഇ.ജെ.പി.**




# 7 ഫിലേമോൻ ലേഖന പഠനം

## കൃപയും സമാധാനവും

സാംസൺ ഹെൻറി, കൊല്ലം

ഫിലേ. 3 : നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ (Grace to you and peace from God our Father and the Lord Jesus Christ).

അപ്പൊസ്തലനായ പൗലൊസിന്റെ എല്ലാ ലേഖനങ്ങളിലും മുഖവുരയായി ഈ അഭിവാദനം കാണുന്നു. ഫിലേമോന്റെ ലേഖനം ഉൾപ്പെടെയുള്ള കാരഗൃഹലേഖനങ്ങൾ തടവറയുടെയുള്ളിൽ വെച്ചെഴുതിയതാണ്. തടവറ ബന്ധനത്തിന്റെ സ്ഥാനമാണെങ്കിലും തന്റെ സന്തോഷത്തിനോ സമാധാനത്തിനോ ആത്മീയതക്കോ ഒരു ബന്ധനവും കുറവും ഇല്ല. പൗലൊസ് തന്റെ വിശ്വാസികൾക്കു തടവറയിൽ നിന്നു ദൈവകൃപയും ദൈവസമാധാനവും ആശംസിക്കുന്നു. പിതാവായ ദൈവവും കർത്താവായ യേശുക്രിസ്തുവും ദൈവത്വത്തിലെ രണ്ടു ആളത്വങ്ങൾ ആയിരിക്കുന്നു. നമുക്കു ലഭിക്കുന്ന കൃപയും സമാധാനവും ഉൾപ്പെടെയുള്ള സകല അനുഗ്രഹങ്ങളും പിതാവായ ദൈവത്തിൽനിന്നും പുത്രനായ യേശുക്രിസ്തുവിൽ നിന്നുമാണ് ലഭിക്കുന്നത്.

**കൃപയും സമാധാനവും (ഫിലേ.3) (Grace and Peace) :**

യവനസംസ്കാരത്തിൽ ആളുകൾ തമ്മിൽ കാണുമ്പോൾ നിങ്ങൾക്കു കൃപയുണ്ടാകട്ടെ (Greek > Charis) എന്നു പറയും. യഹൂദന്മാർ തമ്മിൽ കാണുമ്പോൾ നിങ്ങൾക്കു സമാധാനം (Hebrew > Shalom) എന്നു പറയും. പൗലൊസ് തന്റെ ലേഖനങ്ങളിൽ കൃപയും സമാധാനവും ഉപയോഗിച്ചിരിക്കുന്നത് യഹൂദനെയും ജാതികളെയും ഒന്നായി ബന്ധിപ്പിക്കുന്നു എന്നതു തന്നേ.

**കൃപ (ഫിലേ.3) (Grace) :**

പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നുമാണ് നമുക്കു കൃപ ലഭിക്കുന്നത്. ഏതു കാലഘട്ടത്തിലും വിശ്വാസികൾ ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെട്ടാൽ മാത്രമേ ഉറച്ചു നില്ക്കുവാൻ കഴിയൂ. ഇവിടെ ഉപയോഗിച്ചിരിക്കുന്ന കൃപ (Grace) രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള ദൈവകൃപയല്ല. കാരണം തന്റെ ലേഖനം ആർക്കെഴുതുന്നുവോ അവർ പൗലൊസിനു ക്രിസ്തുവിൽ പ്രിയരും കൂട്ടുവേലക്കാരും, ആത്മീയ പോരാട്ടത്തിൽ സഹഭടന്മാരുമാണ്. മാത്രവുമല്ല അവർ വിശുദ്ധന്മാരും വേർതിരിക്കപ്പെട്ടവരുമാണ്. ആകയാൽ ഇവിടെ പറഞ്ഞിരിക്കുന്ന കൃപ വിശ്വാസജീവിതത്തിനും നടപ്പിനും പ്രവർത്തനത്തിനും ആവശ്യമായ ദൈവകൃപയാണ്. കൃപയോടുള്ള ബന്ധത്തിൽ അപ്പൊസ്തലന്റെ ഏറ്റവും ശ്രദ്ധേയമായ പ്രഖ്യാപനം "ഞാൻ ആകുന്നത് കൃപയാൽ ആകുന്നു" എന്നാണ്. വിശ്വാസജീവിതത്തിൽ ദൈവകൃപ നമ്മുടെ വേരാണ്. ദൈവത്തിലും ദൈവത്തിന്റെ പ്രമാണത്തിലും അടിസ്ഥാനപ്പെട്ടിരിക്കുന്നു. മണ്ണിനടിയിൽ പുറത്തു കാണപ്പെടാത്ത വേരുപോലെ നമ്മുടെ വ്യക്തികരമായ ജീവിതം കൃപയിൽ വേരൂന്നി ശക്തിപ്പെട്ടിരിക്കുന്നു. വേരിനു മുകളിലുള്ള ഭാഗങ്ങൾ നമ്മുടെ പരസ്യജീവിതത്തെ കുറിക്കുന്നു. വേരിനു കേടു സംഭവിച്ചാൽ അഥവാ നാം നില്ക്കുന്ന കൃപയ്ക്കു ക്ഷതം സംഭവിച്ചാൽ ജീവിതം വാടിപ്പോകുവാൻ അഥവാ ആത്മീക പിന്മാറ്റത്തിലേക്കു വീണുപോകുവാൻ ഇടയാകും. അതുകൊണ്ട് വിശ്വാസികൾ എപ്പോഴും ദൈവകൃപയിൽ ആശ്രയിച്ചു ജീവിക്കണം.

പഴയനിയമഭാഗങ്ങളിൽ കൃപ എന്ന വാക്കു ചുരുക്കമായി ഉപയോഗിച്ചിരിക്കുന്നു.

> നോഹെക്കു ലഭിച്ച ദൈവകൃപയാൽ ജലപ്രളയത്തെ നേരിടുവാനും ജീവരക്ഷ ലഭിക്കുവാനും ഇടയായി.

> യോസേഫിനു ലഭിച്ച കൃപയാൽ ഫറവോന്റെ മുമ്പിൽ പ്രസാദം ലഭിക്കുവാനിടയായി.

> കോരഹ് പുത്രന്മാർക്കു ലഭിച്ച കൃപ കൂട്ടുകാരിൽ പരമായി ആനന്ദതൈലത്താൽ അഭിഷേകം പ്രാപിക്കുവാൻ ഇടയായി.

> രൂത്തിനു ലഭിച്ച ദൈവകൃപയാൽ ബോവസ്സിന്റെ ഭാര്യയാകുവാൻ ഇടയായി.

> മറിയെക്കു ലഭിച്ച ദൈവകൃപ അവളെ ഭാഗ്യവതിയാക്കി.

പഴയനിയമത്തിൽ രക്ഷിക്കുന്നതും ശക്തിപ്പെടുത്തുന്നതുമായ ദൗത്യം നിർവ്വഹിച്ച ദൈവകൃപ പുതിയനിയമത്തിൽ വിടുവിക്കുന്നതും, നിലനിറുത്തുന്നതും, വീഴാതെ സൂക്ഷിക്കുന്നതുമായി വിശ്വാസിയുടെ ജീവിതത്തിന്റെ അടിത്തറയായിരിക്കുന്നു. "അവന്റെ നിറവിൽ നിന്നു നമുക്കു എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു" (യോഹ.1:16) എന്നതിനാൽ ദിനംതോറും ദൈവകൃപയിൽ നാം ശക്തിപ്പെടണം. പ്രതികൂലതകളിൽ ആശ്വസിക്കുവാനുള്ള ഏക മാർഗ്ഗം ദൈവകൃപയാണ്.

**സമാധാനം (ഫിലേ.3) (Peace)**

പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നുമാണ് നമുക്കു സമാധാനം ലഭിക്കുന്നത്. ദൈവം നമ്മുടെ സമാധാനം. ദൈവവുമായി നിരപ്പിന്റെ സമാധാനമല്ല ഇവിടെ അപ്പൊസ്തലൻ പറയുന്നത്. കാരണം വിശ്വാസത്താൽ നീതീകരണം ലഭിച്ച പ്രിയരായ വിശ്വാസികൾക്കാണ് സമാധാനം ആശംസിക്കുന്നത്. അവർ ദൈവത്തോടു സമാധാനം (Peace with God) പ്രാപിച്ചവരാണ്. എന്നാൽ ഇവിടെ പറയുന്ന സമാധാനം ദൈവസമാധാനമാണ് (Peace of God). സമാധാനമില്ലാത്ത ലോകത്തിൽ ജീവിക്കുന്നതിനു ആവശ്യമായ സമാധാനമാണ് ദൈവസമാധാനം. നമ്മുടെ വിശ്വാസജീവിതത്തിലെ ആവശ്യങ്ങളിലേറ്റവും വലുത് സമാധാനം ലഭിക്കുക എന്നതാണ്. ഇതാണ് കർത്താവു നമുക്കു ദാനമായി തന്നിട്ടുള്ളത്. "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു" (യോഹ.14:27). സമാധാനമില്ലാത്ത കഷ്ടതയുടെ മദ്ധ്യേ ധൈര്യപ്പെടുവാൻ കർത്താവു നമ്മോടു പറയുന്നു. "നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹ.16:33).

ഫിലേ.4-7 കർത്താവായ യേശുവിനോടും സകലവിശുദ്ധന്മാരോടും നിനക്കുള്ള സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ചു ഞാൻ കേട്ടിട്ടു നമ്മിലുള്ള എല്ലാ നന്മകളുടെയും പരിജ്ഞാനത്താൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ക്രിസ്തുവിന്നായി സഫലമാകേണ്ടതിന്നു എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്തു എപ്പോഴും എന്റെ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു. സഹോദരാ, വിശുദ്ധന്മാരുടെ ഹൃദയം നീ തണുപ്പിച്ചതു നിമിത്തം നിന്റെ സ്നേഹത്തിൽ എനിക്കു വളരെ സന്തോഷവും ആശ്വാസവും ഉണ്ടായി.

നാലു മുതൽ ഏഴുവരെയുള്ള വാക്യങ്ങളിൽ ഫിലേമോന്റെ മൂന്നു സ്വഭാവസവിശേഷതകൾ കാണുന്നു ---

(1) കർത്താവായ യേശുവിനോടും സകലവിശുദ്ധന്മാരോടും സ്നേഹവും വിശ്വാസവുമുള്ളവൻ (ഫിലേ. 4).

(2) പൗലൊസിന്റെ പ്രാർത്ഥനയിൽ ഓർക്കുവാനും ദൈവത്തിനു അവനെക്കുറിച്ചു സ്തോത്രം ചെയ്യുവാനും കാരണമുള്ളവൻ (ഫിലേ. 6).

(3) വിശുദ്ധന്മാരുടെ ഹൃദയത്തെ തണുപ്പിച്ചവൻ (ഫിലേ.7).

മൂന്നുവരെയുള്ള വാക്യങ്ങളിൽ ലേഖനത്തിന്റെ ആരംഭം എന്ന നിലയിൽ ദൈവത്തിനു മഹത്വം കരേറ്റി; ഫിലേമോനെയും കൂടെയുള്ളവരെയും അഭിവാദനം ചെയ്തു. എന്നാൽ തുടർന്നു നാലു മുതൽ ഏഴു വരെയുള്ള വാക്യങ്ങളിൽ കർത്താവിൽ പ്രിയനായ ഫിലേമോനെ ശ്രേഷ്ഠ അപ്പൊസ്തലൻ അഭിനന്ദിച്ചു ദൈവത്തിനു സ്തോത്രം അർപ്പിക്കുന്നു. ഫിലേമോന്റെ സ്വഭാവശ്രേഷ്ഠതകളെക്കുറിച്ചു കേട്ടറിഞ്ഞ പൗലൊസ് അതു മറെച്ചുവെക്കാതെ എല്ലാവരും അറിയത്തക്കവിധത്തിൽ പരസ്യമായി അഭിനന്ദിക്കുന്നു. മാത്രമല്ല അവന്റെ സ്നേഹവും വിശ്വാസവും ക്രിസ്തുവിൽ സഫലമാകേണ്ടതിനു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇന്നത്തെ വിശ്വാസസമൂഹത്തിനു പിൻപറ്റാവുന്ന നല്ലൊരു മാതൃകയാണിത്. പലപ്പോഴും സഹവിശ്വാസികളുടെ പ്രവർത്തനങ്ങളെ പലരും തുറന്നഹൃദയത്തോടെ അഭിനന്ദിക്കാറില്ല. എന്നെക്കാളും വലിയവനാകേണ്ടാ എന്നുള്ള ചിന്തയാണ് പൊതുവേ കാണുന്നത്. നമ്മുടെ കൂട്ടുവേലക്കാരായ സഹവിശ്വാസികളുടെ വലിപ്പച്ചെറുപ്പം കണക്കാക്കാതെ അന്യോന്യം അവരുടെ ആത്മീകസമ്പന്നതകളും ശ്രേഷ്ഠതകളും പെറുക്കിയെടുത്തു അഭിന്ദിക്കുന്നതും ദൈവത്തിനു സ്തോത്രം ചെയ്യുന്നതും സഭാന്തരീക്ഷത്തിൽ ഐക്യതക്കും ആത്മിക പുരോഗതിക്കും ത്വരിതഗമനമുണ്ടാക്കുമെന്നതിൽ സംശയിക്കേണ്ടാ. ●

# ആത്മീയ പരിജ്ഞാനവും പ്രത്യാശയും

സി.എച്ച്. സ്പർജൻ

ഇങ്ങനെ ഒരു പറച്ചിലുണ്ട്. ഓർമ്മ ഒരു വേലക്കാരിയും, രട്ടുശീല ഒരു അനുസരണവുമാകും. ജ്ഞാനം ആശ്വാസത്തിന്റെ ദൂതനായി വരും. ജോൺ ബനിയൻ ഇങ്ങനെ എഴുതി "ക്രിസ്ത്യാനികൾ സംശയത്തിന്റെ കൊട്ടാരത്തിൽ അടയ്ക്കപ്പെട്ടിരിക്കുകയാണ്. അവർ ശരിയായ പാത കണ്ടുപിടിക്കുന്നതിന് മറ്റ് അനേകം പാതകളിൽ അലയേണ്ടി വരുന്നു. ഇങ്ങനെ അലഞ്ഞു കഷ്ടപ്പെടുന്നവർ ഒരു ദിവസം സ്വതന്ത്രരാകും. അവർ ചില കാര്യങ്ങൾ ക്രിസ്ത്യാനിയുടെ ചെവികളിൽ മന്ത്രിക്കുമ്പോൾ അവരുടെ സ്ഥിതിയോർത്ത് കരയും, "ഇത്ര വലിയ പാപചെളിക്കുഴിയിൽ കിടക്കുന്നത് എന്തു വിഡ്ഢിത്തമാണ്. സാധു ക്രിസ്ത്യാനികൾ പ്രത്യാശയോടെ സ്വതന്ത്രരാക്കപ്പെട്ടു". പ്രചാകനായ യിരമ്യാവിന്റെ ഓർമ്മയിലെ ഒരു ഭാഗമാണ് "ഇതു ഞാൻ ഓർക്കും; അതുകൊണ്ട് ഞാൻ പ്രത്യാശിക്കും" (വിലാ. 3:21). "എന്റെ പ്രാണൻ എന്റെ ഉള്ളിൽ എപ്പോഴും ഓർത്ത് ഉരുകിയിരിക്കുന്നു" (യിര. 3:20). ഇവയെക്കുറിച്ച് ഓർക്കുമ്പോൾ ആഴത്തിലും ഇരുട്ടിലും ഉള്ള വൈഷമ്യങ്ങളിൽ ആശ്വാസത്തിന്റെ വെളിച്ചമുണ്ടാകും. വിശ്വാസികളുടെ ആശ്വാസത്തിനും, സന്തോഷത്തിനും കഴിഞ്ഞകാല ഓർമ്മകൾ ധാരാളം മതിയാകും.

ഒരു വിശ്വാസിക്കുള്ള ഓഹരി എപ്പോഴും കഠിനമായ പരീക്ഷകളാണ് അഭിമുഖീകരിക്കേണ്ടി വരുന്നത്. പ്രവാചകനായ യിരമ്യാവിന് അനേകം ഓർമ്മകൾ തന്റെ മനസ്സിൽ ഉയരുന്നതു കാണാം. അവയാണ് കഷ്ടതയിലായിരിക്കുന്ന പ്രവാചകന് ഏറെ ആശ്വാസം. നമ്മെ ബാധിച്ചിരിക്കുന്ന പ്രശ്നങ്ങൾ വളരെ ആഴത്തിലുള്ളതാണ്. നാം ദഹിച്ചുപോകാതിരിക്കുന്നത് ദൈവത്തിന്റെ കരുണ കൊണ്ടാണ്. ഇത് വളരെ താഴ്മയുടെ ആരംഭമാണ്. ഒരു പിരമിഡിന്റെ താഴെ നിന്നും ഒരു സാധു മനുഷ്യന് മുകളിലേയ്ക്ക് കയറണം. മുകളിലേയ്ക്ക് കയറുവാനുള്ള പടികൾ കണ്ടെത്തുവാൻ കഴിയുന്നില്ല. ആരംഭത്തിൽ ഒരു കാലടി വെയ്ക്കുവാനുള്ള ഇടം കിട്ടും. അതിനുശേഷം ശക്തിയും ഉന്മേഷവും പ്രാപിച്ച് മുകളിലേയ്ക്ക് കയറും.

മരണനിഴലിൽ താഴ്വരയേയും ചിലപ്പോൾ വിശ്വാസികൾ അഭിമുഖീകരിക്കേണ്ടിവരും. ദൈവസന്നിധി വിട്ടുപോകുന്ന ഏതൊരാളിന്റെയും അനുഭവം ഏറെ കഷ്ടമാണ്. നിരാശ ബാധിച്ചവരുടെ കരച്ചിൽ ആണ് എപ്പോഴും കേൾക്കുവാൻ കഴിയുന്നത്. ശാപം അവരുടെ തലമേലും, അന്ധകാരം ചുറ്റിലുമുണ്ട്. ന്യായവിധിയുടെ എരിതീയിൽ നിന്നും ദഹിച്ചു പോകാതിരിക്കുന്നതിന് ദൈവത്തിന്റെ കരുണ ഒന്നു മാത്രം.

യിരമ്യാവ് ഓർമ്മിപ്പിക്കുന്നത് ഓരോ വിശ്വാസിക്കും ദൈവത്തിന്റെ കരുണ ലഭിക്കും. അവന്റെ ദയ നീങ്ങിപ്പോകയില്ല. അവ എല്ലാ പ്രഭാതത്തിലും പുതിയതാണ്. ദൈവത്തിന്റെ വിശ്വസ്തത വലുതാണ്. ഏത് അനുഭവത്തിലും പരിശുദ്ധാത്മാവ് സംസാരിക്കുന്നതായി അനുഭവപ്പെടും. സങ്കീർത്തനത്തിൽ "എന്റെ മാംസവും എന്റെ ഹൃദയവും ദൈവത്തിനായി നോക്കിക്കൊണ്ടിരിക്കുന്നു. വിശ്വാസിക്ക് എപ്പോഴും ആശ്വാസം ലഭിക്കുന്നു. കർത്താവിനോടു ഏകീഭവിക്കുന്നതുവരെയും ഒരിക്കലും സംതൃപ്തനല്ല. ആത്മീകമായി കുരുടനായിരുന്നു. ഇപ്പോൾ കാണുന്നുണ്ട്. പുതിയ വെളിച്ചം ലഭിക്കുന്നു. അതുവരെയും സംതൃപ്തനല്ല. തന്നോടു ചോദിക്കുന്നവർക്കു പരിശുദ്ധാത്മാവാം ദൈവം ഏറെ നൽകും. ആവശ്യം അറിഞ്ഞു നൽകി തരും. ഒരു യുവാവ് തന്റെ പിതാവിനെയും, അവകാശത്തേയും വിട്ട് മറ്റൊരു രാജ്യത്തേയ്ക്കു പോയി. ആ അവകാശം ഉന്നയിച്ചുകൊണ്ടു ഏറിയ നാളുകൾക്കുശേഷം മറ്റൊരാൾ കോടതയിൽ കേസു കൊടുത്തു. പിതാവ് മരിച്ചു പോകയും ചെയ്തു. കോടതിയിൽ വ്യവഹാരം വന്നു. ഈ സ്വത്തു മുഴുവനും നിയമപരമായി തന്റേതാണെന്നു യുവാവിനു അറിയാം. എന്നാൽ അതു തെളിയിക്കുന്നതിന് തന്റെ കൈവശം ഒരു രേഖയുമില്ല. വക്കീൽ പറഞ്ഞു കൂടുതൽ തെളിവു കൊണ്ടുവരണം. അവിടെ തന്റെ പിതാവിന്റെ ഒരു പഴയപെട്ടി ഉണ്ടായിരുന്നു. അനേകം കടലാസുകൾ ഉണ്ടായിരുന്നുവെങ്കിലും ആവശ്യമുള്ളതു ഉണ്ടായിരുന്നില്ല. താൻ വളരെ ദുഃഖിതനായി. അവിടെ ഒരു സഞ്ചിക്കുള്ളിൽ പഴയ ഒരു തുകൽ ചുരുൾ (parchment) കിട്ടി അതായിരുന്നു തനിക്കു വേണ്ടതായ രേഖ. തന്റെ പിതാവ് തനിക്കുവേണ്ടി വളരെ സുരക്ഷിതമായി വെച്ചിരിക്കുകയായിരുന്നു. സ്വത്തു മുഴുവനും തന്റെ പ്രിയ മകന്റെ പേരിൽ എഴുതിവെച്ചിട്ടുണ്ട്. തന്റെ അവകാശ അധികാരപത്രവുമായി കോടതിയിലെത്തി അവകാശം വീണ്ടെടുത്തു.

നമ്മുടെ ക്രിസ്തീയ ജീവിതത്തിലെ ഏതു സംശയത്തിനും മറുപടി ദൈവവചനത്തിലുണ്ട്. അത് അവസാനം വരെ വായിക്കുക. "അവിടെ കണ്ടെത്തും എനിക്കു വേണ്ടി സ്വർഗ്ഗീയ പിതാവ് എഴുതിവെച്ച അവകാശം – അത് ഒരു പക്ഷെ ഇങ്ങനെ ആയിരിക്കും". സാധ്യവും അത്യാവശ്യമുള്ളത് കണ്ടെത്തും. അവരുടെ നാവ് ദാഹം കൊണ്ട് വറ്റിപ്പോകയില്ല. യാക്കോബിന്റെ ദൈവമായ ഞാൻ നിന്നെ മറന്നുപോകയില്ല "ജീവന്റെ വെള്ളം ധാരാളമായി എടുക്കുക".

> **ഏറ്റവും കൂടുതൽ ലോകത്തിൽ കേൾക്കുന്ന സംഗീതം ഇതാണ് "കർത്താവായ യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു". അനേകം തവണ ഇത് ഓരോ ജീവിതത്തിലും കേട്ടിട്ടുണ്ട്. എങ്കിലും ഒരു പുതിയ അറിവു പോലെയാണ് എപ്പോഴും കേൾക്കുന്നത്.**

ഏറ്റവും കൂടുതൽ ലോകത്തിൽ കേൾക്കുന്ന സംഗീതം ഇതാണ് "കർത്താവായ യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു". അനേകം തവണ ഇത് ഓരോ ജീവിതത്തിലും കേട്ടിട്ടുണ്ട്. എങ്കിലും ഒരു പുതിയ അറിവു പോലെയാണ് എപ്പോഴും കേൾക്കുന്നത്. ഒരാൾ വിശുദ്ധൻ അല്ലെങ്കിൽ പാപി. കൃപയുടെ സിംഹാസനത്തിനു മുമ്പിൽ നിൽക്കുന്നത് ഒന്നുകിൽ ദൈവത്തിന്റെ മകൻ അല്ലെങ്കിൽ പാപി.

ഏതാനും നാളുകൾക്കുമുമ്പ് നോർത്ത് അമേരിക്കയിൽ ഒരു കൽക്കരി ഖനിയിൽ അതിദാരുണമായ ഒരു അപകടം ഉണ്ടായി. ഖനിയുടെ ആഴത്തിൽ അനേകർ ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ മുകൾഭാഗത്ത് മണ്ണിടിഞ്ഞ് കുഴിയ്ക്കുള്ളിലേയ്ക്ക് വീണു. ഖനിയുടെ ഉള്ളിൽ കൂരിരുട്ടായി. അവരെ രക്ഷപ്പെടുത്തുവാനുള്ള യന്ത്രസംവിധാനങ്ങളും താറുമാറായി. ഖനിയുടെ അടിയിൽ സുരക്ഷിതമായ അല്പം സ്ഥലം ഉണ്ടായിരുന്നു. അവർ അവിടെ ഇരുട്ടിൽ ഇരുന്ന് പ്രാർത്ഥനയിൽ തുടർന്നു. അല്പം ശ്വസിക്കുവാൻ കഴിയുന്ന ഭാഗത്തേയ്ക്ക് എല്ലാവരും ഒരുമിച്ചു നീങ്ങി. പെട്ടെന്ന് ഒരാളിന് ഓർമ്മ വന്നു. ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരുന്ന കിണറിനു സമീപമായി മറ്റൊരു കിണർ ഉണ്ട്. വളരെ നാളുകൾക്കുമുമ്പ് താൻ അവിടെ ജോലി ചെയ്തിട്ടുണ്ട്. പഴയ കിണറുമായി ഇതിനു ബന്ധമുണ്ട്. അവിടെ എത്തിയാൽ രക്ഷപ്പെടാം. അവിടെ എത്തുവാനായി വളരെ ചെറിയ ഒരു ഗുഹമാത്രമാണുള്ളത്. അവർ ഓരോരുത്തരായി ഇഴഞ്ഞു നീങ്ങി അവിടെയെത്തി. എല്ലാവരും രക്ഷപ്പെട്ടു. ദൈവമക്കൾക്കുവേണ്ടി ദൈവം കരുതുന്ന വഴികളോർത്ത് അവർ സ്തുതിച്ചു.

ചിലർ കരുതും തങ്ങളുടെ പാപാവസ്ഥയിൽ സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിലെത്തുവാൻ കഴിയുകയില്ല. എത്ര നീച പാപിയാണെങ്കിലും കർത്താവിൽ അഭയം കണ്ടെത്തുമ്പോൾ സന്തോഷകരമായ പ്രത്യാശയിലെത്തുന്നു. ഒരുവൻ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ വിശ്രമഭവനത്തിലെത്തുന്നു. നിങ്ങൾ ഒരുപക്ഷേ ജ്ഞാനിയായിരിക്കാം. എന്നാൽ പാപിയായി തന്നെ മരിച്ചുകടന്നുപോയാൽ നിങ്ങളുടെ ജ്ഞാനം കൊണ്ട് ഒരു പ്രയോജനവും കിട്ടുകയില്ല.

ഇംഗ്ലണ്ടിലെ പ്ലിമത്തിലുള്ള ഏറ്റവും വലിയ പാലമാണ് സാർട്ടാസ്. അവിടെയുള്ള ഒരു സ്ത്രീക്ക് ഈ പാലം കയറുവാൻ വളരെ ഭയമാണ്. ഈ പാലം സുരക്ഷിതമല്ല എന്നാണവർ പറയുന്നത്. ഓരോ ദിവസവും അനേകം ടൺ ഭാരവും വഹിച്ച് അനേകം ട്രക്കുകൾ ഈ പാലത്തിലൂടെ കടന്നുപോകുന്നത് കാണുമ്പോൾ ആ സത്രീ പറയും "ഈ ആളുകളെല്ലാം ബുദ്ധിയില്ലാത്തവരാണ്. എപ്പോഴാണ് ഈ പാലം തകരുന്നതെന്ന് അറിഞ്ഞുകൂടാം – ഏതൊരു പാപിയുടെയും സ്ഥിതിയും ഇതു തന്നെയാണ്. ലോകത്തിലെ സകല പാപഭാരവും പിതാവ് പുത്രന്റെ മേൽ ചുമത്തി. ക്രൂശിൽ കർത്താവ് അതിന് പരിഹാരം വരുത്തി. അനേകായിരങ്ങൾ പാപക്ഷമ ലഭിച്ച് സ്വർഗ്ഗത്തിലെത്തി സന്തോഷിക്കുന്നു. ചിലർ പറയും ഒരിക്കലും ക്ഷമിക്കപ്പെടുവാൻ കഴിയാത്ത പാപമാണ് എന്നിലുള്ളത്. ഏതു വലിയ പ്രശ്നത്തിനും കർത്താവിൽ പരിഹാരമുണ്ട്. കർത്താവ് അൽഫയും ഒമേഗയും ആണ്.

കർത്താവ് തന്റെ ജനത്തെ ചേർക്കുവാൻ വേഗം വരും. സ്വർഗ്ഗത്തിൽ ദൈവത്തിന്റെ കാഹളം കേൾക്കാറായി. കർത്താവിന്റെ വാഗ്ദത്തം ഇതാണ് "ഞാൻ ഇപ്പോൾ പോകുന്നു. ഞാൻ നിങ്ങൾക്കു ആശ്വാസപ്രദനെ അയയ്ക്കും". എന്നേക്കും അവൻ നിങ്ങളോടുകൂടെ വസിക്കും. നമുക്ക് നിത്യതയോളം ആശ്വസിക്കുവാനുള്ള അവകാശം തന്നിരിക്കുന്ന കർത്താവിനെ സ്തുതിക്കാം.

**വിവർത്തനം : സ്കറിയാ വർഗ്ഗീസ്, കളമശ്ശേരി.**

▶▶ 1-ാം പേജ് തുടർച്ച

## ക്രിസ്തു എന്റെ യജമാനനാണോ? ഞാൻ ക്രിസ്തുവിന്റെ അടിമയാണോ? (ദാസനാണോ?) അതോ സഹോദരനോ?

ഞാൻ നിങ്ങളുടെ വില കൊടുത്തു കഴിഞ്ഞുവല്ലോ. നിങ്ങൾക്ക് ഇഷ്ടമുള്ളടത്ത് പോയി ജീവിക്കാം. ആരും നിങ്ങളെ തടയുകയില്ല.

ഉടനെ അപ്പനും അമ്മയും മകനും യജമാനന്റെ കാൽക്കൽ വീണു "യജമാനനെ, ഞങ്ങൾ എങ്ങും പോകുന്നില്ല. ഞങ്ങൾക്ക് ഈ സ്നേഹം മതി. അങ്ങയെ ഭജിച്ചുകൊണ്ട് ജീവിക്കാൻ അനുവാദം തന്നാൽ മതി. ഇതുപോലെ സ്നേഹമുള്ള ഒരു യജമാനന്റെ അടിമയായി നിൽക്കാൻ ഞങ്ങൾക്ക് ഭാഗ്യം തന്നാൽ മതി".

പ്രിയരേ, യജമാനന്റെ സ്നേഹം അറിഞ്ഞ് കാൽക്കൽ വീഴുന്നതാണ് യഥാർത്ഥ സമർപ്പണം. ആരും നിർബന്ധിച്ചല്ല, ആരെയും കാണിക്കാനല്ല. ആരെയും ബോധ്യപ്പെടുത്താനുമല്ല. അപ്പോൾ പാപത്തോടു വലിയ മൽപിടുത്തം വേണ്ട. അയ്യോ എനിക്ക് തെറ്റു വരുന്നല്ലോ? വേണ്ടാ അതിലേക്ക് അഭിനിവേശം വരുന്നല്ലോ എന്നിങ്ങനെയുള്ള വേവലാതികൾ അലട്ടുകയില്ല. ഒരു പാപവും വരികയില്ല. കാരണം ഈ നല്ല യജമാനന്റെ സ്നേഹം കണ്ടാൽ, അതനുഭവിക്കാൻ ഇടയായതിനാൽ ഞാൻ എങ്ങനെ പാപത്തിലേക്കു പോകും? ഈ യാഥാർത്ഥ്യം അനുഭവിച്ചറിഞ്ഞ കർത്തൃദാസൻ എം.ഇ. ചെറിയാൻ സാർ ഇപ്രകാരം പാടി:

"സ്നേഹചരടുകളാലെന്നെ യേശു, ചേർത്തു ബന്ധിച്ചു
തൻ കുരിശോടെന്നെയൊന്നിച്ചു, ഞാനെല്ലാം തന്നിലർപ്പിച്ചു
"തന്റെ ദിവ്യസന്നിധാനം തരും സമാധാനം മറ്റെല്ലാം ഭീതിയിൽ സ്ഥാനം
അളവുമില്ല, അതിരുമില്ല, അന്തവുമില്ല, സന്തോഷം ക്രിസ്തുവിലുണ്ട്
"അവന്നടിമയനുഭവിക്കും, സ്വാതന്ത്ര്യംപോലെ, വേറില്ല സ്വാതന്ത്ര്യമേതും
അന്ത്യശ്വാസം പോംവരെ തൻവേല ചെയ്യും ഞാൻ, തൃപ്പാദസേവ ചെയ്യും ഞാൻ".

(എം.ഇ.സി. 567).

തിരുവചനം എന്താണ് പ്രസ്താവിക്കുന്നത്? "തിരുസ്നേഹം കൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. അതുകൊണ്ട് ദയ ഞാൻ നിനക്ക് ദീർഘമാക്കിയിരിക്കുന്നു" (യിരമ്യാ. 31:3). "ഞാൻ നിനക്ക് വീണ്ടും അഭിവൃദ്ധി വരുത്തുകയും, നീ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും. നീ ഇനിയും ചേലോട് തപ്പ് എടുത്തുകൊണ്ട് സന്തോഷിച്ച് നൃത്തം ചെയ്യുന്നവരുടെ നിരയിൽ പുറപ്പെടും" (യിരമ്യാ. 31:4).

▶▶ ശേഷം 5-ാം പേജിൽ

## വാർത്തകൾ

### സുവിശേഷകൻ ബാലസംഘം
### വാളകം സെന്റർ ക്യാമ്പ് 2023

SINCE 1953 SUVISESHAKAN BALASANGHAM

**കീഴില്ലം സെന്റ് തോമസ് ഇവാൻജലിക്കൽ റിട്രീറ്റ് സെന്ററിൽ**

**ഏപ്രിൽ 13 വ്യാഴം രാവിലെ 8 മണി മുതൽ 15 ശനി ഉച്ചകഴിഞ്ഞ് 4 മണി വരെ**

**ക്യാമ്പ് ലീഡേഴ്സ് :** **ഡോ. ജോൺസൺ സി. ഫിലിപ്പ്** (എറണാകുളം), **ബ്രദർ ജെയിംസ് വർഗീസ്** (Rtd. IAS) തിരുവനന്തപുരം, **ബ്രദർ സജി മാത്യൂസ്** (തിരുവനന്തപുരം), **ബ്രദർ ബാബു തോമസ്** (അങ്കമാലി), **ഡോ. ട്വിങ്കിൽ സി. പോൾ** (കുറുപ്പംപടി), **ബ്രദർ അനിൽ കുമാർ വി. അയ്യപ്പൻ** (അഷ്ടമിച്ചിറ), **ബ്രദർ ബിനു ജോസ്** (ഒറ്റപ്പാലം), **ബ്രദർ ജെയ്സൺ സാം** (തൃശ്ശൂർ)

എസ്.ബി,എസ്. വാളകം സെന്ററിനു വേണ്ടി

ബ്രദർ ഷാജു കെ.ജെ. (പ്രസിഡന്റ്, 9447984515), ബ്രദർ മാത്യു പ്രസാദ് (സെക്രട്ടറി, 7034533777)

### കൊട്ടാരക്കര സെന്റർ സോദരീ സമാജം

**ദൈവഹിതമായാൽ കൊട്ടാരക്കര സെന്റർ സോദരീ സമാജത്തിന്റെ അടുത്ത മീറ്റിംഗ് 2023 ഏപ്രിൽ 15–ാം തീയതി (മൂന്നാം ശനിയാഴ്ച) രാവിലെ 10 മണി മുതൽ ചെപ്ര സഭാഹാളിൽ വച്ച് നടത്തുവാൻ ആഗ്രഹിക്കുന്നു എല്ലാ സഹോദരിമാരും പ്രാർത്ഥനയോടെ കടന്നു വരേണമേ. ബൈബിൾക്വിസ് : നെഹമ്യാവ് ഒന്നു മുതൽ അഞ്ച് വരെയുള്ള അധ്യായങ്ങൾ.**

**കൊട്ടാരക്കര സെന്റർ സോദരീ സമാജത്തിനു വേണ്ടി**

**ലാലിമാത്യു (സെക്രട്ടറി)**

1-ാം പേജ് തുടർച്ച

# ക്രിസ്തു എന്റെ യജമാനനാണോ? ഞാൻ ക്രിസ്തുവിന്റെ അടിമയാണോ? (ദാസനാണോ?) അതോ സഹോദരനോ?

നാം മുകളിൽ കണ്ടതുപോലെ, പിശാച് അവകാശം പറഞ്ഞ് ചങ്ങലയിട്ടു, അടിമച്ചന്തയിലേക്ക് നമ്മെ ഓരോരുത്തരേയും അവന്റെ വകയായി കൊണ്ടുപോകയായിരുന്നു. നാം സാത്താന്റെ വകയായിത്തീർന്നിരുന്നു. എന്നാൽ യേശുകർത്താവ് ഇടയ്ക്ക് കയറി കടന്നുവന്ന് തന്റെ വിലയേറിയ രക്തവും ജീവനും കൊടുത്ത് സാത്താന്റെ കയ്യിൽ നിന്ന് നമ്മെ വിലക്കുവാങ്ങി. സാത്താൻ തന്റെ ഇഷ്ടംപോലെ പീഡിപ്പിക്കാൻ യേശു തന്നെത്താൻ വിട്ടുകൊടുത്തു. നിഷ്ഠൂരന്മാരായ യഹൂദന്മാരുടെ ഇഷ്ടത്തിന് ഏല്പിച്ചു കൊടുത്തു. മഹാപുരോഹിതന്മാരുടെയും, ശാസ്ത്രിമാരുടേയും, പരീശന്മാരുടേയും ഇഷ്ടത്തിന് വിട്ടുകൊടുത്തു. നമുക്കും സന്തോഷത്തോടു കുരിശു വഹിക്കാം. അവഹേളനാപരമായ കാര്യങ്ങൾ കേൾക്കുമ്പോൾ, മിഥ്യാരോപണങ്ങൾ കേൾക്കുമ്പോൾ എല്ലാം വിനയപൂർവ്വം ഏറ്റുവാങ്ങി നമ്മെത്തന്നെ ഏൽപ്പിച്ചു കൊടുക്കാം. അതാണ് കുരിശ്.

സ്വർഗരാജ്യം തന്റെ ദാസന്മാരുമായി കണക്കു തീർപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോടും സദൃശ്യപ്പെടുത്തിയിരിക്കുന്ന കാര്യം മത്തായി 18:23 -ൽ നാം വായിക്കുന്നു (തുടർന്ന് 24 മുതൽ 55 വരെ വായിക്കുക). തന്റെ ദാസന്മാരുമായി കണക്കു തീർപ്പാൻ ഒരുമ്പെടുന്ന രാജാവിനെക്കുറിച്ചാണ് കഥ. തന്നോടു പതിനായിരം താലന്ത് കടപ്പെട്ട ഒരു ദാസൻ കടം വീടുവാൻ വകയില്ലാത്തവിധം പാപ്പരായിരുന്നു. കടം തീർക്കുന്നതിനായി അവനെയും കുടുംബത്തെയും അടിമകളായി വില്ക്കുവാൻ രാജാവ് കല്പിച്ചു (അടിമകളായി വിൽക്കപ്പെട്ടവരുടെ ദയനീയ അവസ്ഥ പ്രാരംഭത്തിൽ വിവരിച്ചത് ഓർമ്മയുണ്ടല്ലോ). എന്നാൽ തനിക്ക് അല്പസമയം കൂട്ടി അനുവദിക്കണം എന്ന് ദാസൻ കേണപേക്ഷിച്ചു. സമയം നൽകിയാൽ കടമെല്ലാം വീട്ടാം എന്നവൻ ഉറപ്പുനൽകി. എല്ലാ കടക്കാരേയും പോലെ അവനും സമയം അനുവദിച്ചു കിട്ടുന്നപക്ഷം കടമെല്ലാം വീട്ടാം എന്ന അവിശ്വസനീയമായ ശുഭാപ്തി വിശ്വാസം വച്ചു പുലർത്തുന്നവൻ ആയിരുന്നു (വാക്യം 26). ഗലീലായുടെ ആകെ വരുമാനം 300 താലന്ത് മാത്രമേയുള്ളൂ എന്ന് ഇരിക്കവേ ഈ മനുഷ്യൻ 10,000 താലന്താണ് കടപ്പെട്ടിരിക്കുന്നത്... മനുഷ്യർ ദൈവത്തോട് എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നത് ഈ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. നാം എല്ലാവരും അവന്റെ മുൻപിൽ ഭിക്ഷാടകരാണ് എന്ന് മാർട്ടിൻ ലൂഥർ ആവർത്തിച്ച് ഉദ്ധരിക്കാറുണ്ടായിരുന്നു. നമുക്ക് കൊടുത്തു തീർക്കാം എന്ന പ്രതീക്ഷ ഒട്ടുമെ ഇല്ലായിരുന്നു (വില്ല്യം മാകഡൊണാൾഡ്). രാജാവും തന്റെ ദാസന്റെ മനതകർച്ച കണ്ടപ്പോൾ 10,000 താലന്തുകളും ഇളച്ചുകൊടുത്തു. ദൈവത്തിന് സ്തോത്രം. ഇത് കൃപയുടെ ഐതീഹാസികമായ പ്രദർശനമാണ്.

ഇത്രത്തോളം ഇളച്ച് കിട്ടിയ ഈ ദാസൻ 100 വെള്ളിക്കാശ് കടപ്പെട്ട ഒരു കൂട്ടു ദാസനെ തൊണ്ടക്ക് പിടിച്ച് ഞെക്കി. കടം വീട്ടുവാൻ നിർബന്ധിച്ച കാര്യം തുടർന്ന് നാം കാണുന്നു. കരുണയില്ലാത്ത ഈ പ്രവൃത്തിയിൽ കോപാകുലരായ മറ്റു ദാസന്മാർ രാജാവിനെ കാര്യം ധരിപ്പിച്ചു. വലിയ കടം ഇളച്ചുകിട്ടിയിട്ടും, ചെറിയ കടം ഇളച്ചു കൊടുക്കുവാൻ അവന് മനസ്സില്ലായിരുന്നു. ഫലമോ? അവന്റെ കടം എല്ലാം തീരുവോളം ദണ്ഡിപ്പിക്കുന്നവരുടെ കൈയ്യിൽ അവനെ ഏൽപ്പിച്ചു.

പ്രിയരേ, നമ്മുടെ പാപങ്ങൾ രക്താംബരം പോലെ കടുംചുവപ്പായിരുന്നു. എന്നാൽ നമ്മുടെ കർത്താവ് അതെല്ലാം നമ്മോടു ക്ഷമിച്ചു. അവൻ ക്രൂശിൽ ചൊരിഞ്ഞ തന്റെ നിർദോഷവും നിഷ്കളങ്കവുമായ രക്തത്താൽ അവ കഴുകി ഹിമംപോലെ വെളുപ്പിച്ചു. നമ്മുടെ സകല കടങ്ങളും പാപങ്ങളും കർത്താവു നമ്മോടു ക്ഷമിച്ചതുപോലെ, നമുക്കും മറ്റുള്ളവരോട് ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യാം.

### നാം ദുഷ്ട ദാസരാകരുത്

യജമാനൻ വരുവാൻ താമസിക്കുന്നു എന്നു പറഞ്ഞ് ഇഷ്ടംപോലെ ജീവിക്കുന്നവർ ദുഷ്ടദാസന്മാരാണ്. "ദുഷ്ടദാസനായി യജമാനൻ വരുവാൻ താമസിക്കുന്നു എന്ന് ഹൃദയം കൊണ്ടു പറഞ്ഞു കൂട്ടുദാസന്മാരെ അടിക്കുവാനും കുടിയാന്മാരോടു കൂടെ തിന്നു കുടിപ്പാനും തുടങ്ങിയാൽ, നിരൂപിക്കാത്ത നാളിലും നാഴികയിലും യജമാനൻ വന്ന് അവരെ ദണ്ഡിപ്പിച്ചു അവൻ കപടഭക്തിക്കാരോടു കൂടെ പങ്കും ഓഹരിയും കല്പിക്കും. അവിടെ കരച്ചിലും പല്ലു കടിയും ഉണ്ടാകും" (മത്താ. 24:48). യജമാനൻ വരുവാൻ താമസിക്കുന്നു എന്ന് ഹൃദയത്തിൽപ്പോലും പറയാതിരിപ്പാൻ നാം സൂക്ഷിച്ചുകൊള്ളണം. അങ്ങനെ പറഞ്ഞാൽ നിനക്കാത്ത നേരത്ത് വരുന്ന കർത്താവിന്റെ മുൻപിൽ നാം ലജ്ജിതരായിത്തീരും എന്നതിന് യാതൊരു സംശയവുമില്ല. ദുഷ്ടദാസന്മാരുടെ കൂട്ടത്തിൽ കൈവിട്ടുപോകും. ആകയാൽ പ്രിയരേ, നമ്മെ ഏൽപ്പിച്ചിരിക്കുന്ന പ്രവർത്തികൾ സന്തോഷത്തോടെ തീർക്കുവാൻ, കർത്താവിന്റെ വരവ് നമ്മുടെ പ്രത്യാശാ വിഷയമായിരിപ്പാൻ നമുക്ക് ജാഗ്രതയോടെ ജീവിക്കാം.

### കാതുകളെ കട്ടിളക്കാലോട് ചേർത്ത് തുളക്കപ്പെട്ട എബ്രായദാസൻ (പുറ. 21:3)

ഒരു എബ്രായദാസൻ 6 സംവത്സരംവേല ചെയ്യേണ്ടതുണ്ട്. എന്നാൽ ഏഴാമത്തെ വർഷം അവനെ സ്വതന്ത്രനാക്കേണം. അവൻ അടിമയായിരുന്നപ്പോൾ വിവാഹിതനായിരുന്നെങ്കിൽ, തന്റെ ഭാര്യയും തന്നോടുകൂടെ സ്വന്ത്രയാക്കപ്പെട്ടു. എന്നാൽ തന്റെ ദാസ്യത്തിന്റെ കാലത്താണ് താൻ വിവാഹിതനായെങ്കിൽ ഭാര്യയും മക്കളും യജമാനനുള്ളതാണ്. അത്തരമൊരു സന്ദർഭത്തിൽ വേണമെങ്കിൽ കതകിന്റേയോ, കട്ടളകാലിന്റേയോ അരികിൽ ചേർത്തു നിർത്തി കാതു തുളക്കപ്പെട്ട് തന്റെ യജമാനന്റെ ഭവനവുമായി തന്നെ സ്വമേധയാ അനുരൂപമാക്കിക്കൊണ്ട് അടിമയായി തുടരുന്നത് തെരഞ്ഞെടുക്കാം. അപ്പോൾ മുതൽ അവൻ ചെവിയടയാളമുള്ളവനാണ്. ഇത് നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവായ യേശുക്രിസ്തുവിന്റെ ഒരു മനോഹരചിത്രമാണ്. ആ തികഞ്ഞദാസൻ നമ്മെ അത്യധികമായി സ്നേഹിച്ചതിനാൽ സ്വതന്ത്രനായി പോകുവാൻ ഇച്ഛിക്കാതെ നമുക്ക് വേണ്ടി എനിക്ക് വേണ്ടി - കാൽവറി ക്രൂശിലേക്ക് പോയി. രക്ഷിതാവ് നമുക്കു വേണ്ടി ചെയ്തതെന്തോ, അതിന്റെ വെളിച്ചത്തിൽ നാം തന്റെ ഹിതമനുസരിച്ചുള്ള അടിമകളായി. അതിനാൽ ബിഷപ്പ് മൂളിന്റെ (Moule) വാക്കുകളിൽ നാം ഇപ്രകാരം പറയുന്നവരായിരിക്കണം "എന്റെ യജമാനനേ, എന്നെ കതകിനരികിലേക്ക് നയിച്ചാലും, ഇപ്പോൾ ആഗ്രഹിക്കുന്ന ഈ ചെവിയെ ഒരിക്കൽക്കൂടി കുത്തിത്തുളച്ചാലും അങ്ങയുടെ ബന്ധനങ്ങൾ സ്വാതന്ത്ര്യമാണ്. അങ്ങയോടൊപ്പം താമസിച്ച് വേല ചെയ്യുവാനും സഹിക്കുവാനും, അനുസരിക്കുവാനും എന്നെ അനുവദിച്ചാലും.

ഈ നല്ല കർത്താവിന്റെ ഒരടിമയായി, ദാസനായി ഈ ലോകത്തിൽ കഴിയാൻ സാധിക്കുന്നതിൽപ്പരം എന്താണ് നമുക്ക് ആഗ്രഹിക്കത്തക്കത്. "സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചുനിൽപ്പിൻ. അടിമ നുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്" (ഗലാ. 5:1). അതിനാൽ കർത്തൃദാസനോട് ചേർന്ന് നമുക്കും പാടി സന്തോഷിക്കാം "അവന്നടിമ അനുഭവിക്കും, സ്വാതന്ത്ര്യംപോലെ വേറില്ല സ്വാതന്ത്ര്യമേതും, അന്ത്യശ്വാസം പോംവരെ തൻ വേല ചെയ്യും ഞാൻ, തൃപ്പാദസേവ ചെയ്യും ഞാൻ" ആമേൻ. ●

## മഹത്വത്തിൽ



**താളിക്കോട്, തൃശൂർ** : താളിക്കോട് ഇമ്മാനുവേൽ ബ്രദറൺ സഭാംഗം സഹോദരി **മറിയാമ്മ ജോസ്** (76) മാർച്ച് 12ന് നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതീകശരീരം മാർച്ച് 13ന് ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ചേപ്പാട്, കായംകുളം** : സഹോദരൻ **കെ. ജി. എബ്രഹാം** (61) മാർച്ച് 14ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം മാർച്ച് 16 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്കുശേഷം പള്ളിപ്പാട് ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**കുറിയന്നൂർ, കോഴഞ്ചേരി** : കുറിയന്നൂർ ബ്രദറൺ സഭാംഗം സഹോദരി **മറിയാമ്മ ബേബി** (88) മാർച്ച് 15 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം മാർച്ച് 17 ന് സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്കുശേഷം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**പുതുപ്പള്ളി, കോട്ടയം** : നിത്യതയിൽ ആയിരിക്കുന്ന സഹോദരൻ പി. എ. ജോണിന്റെ സഹധർമ്മിണി **സാറാമ്മ ജോൺ** (87) മാർച്ച് 10 ന് നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതികശരീരം മാർച്ച് 18 ന് പുതുപ്പള്ളി ബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**വടക്കഞ്ചേരി, പാലക്കാട്** : സഹോദരൻ **ജോൺ എം. വർക്കി** (84) മാർച്ച് 14 ന് നിത്യതയിൽചേർക്കപ്പെട്ടു, ഭൗതീകശരീരം മാർച്ച് 18 ന് ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മഴുക്കീർ, കല്ലിശേരി** : നിത്യതയിലായിരിക്കുന്ന സഹോദരൻ കെ.റ്റി. ജോർജിന്റെ സഹധർമ്മിണി **മറിയാമ്മ ജോർജ്** (105) മാർച്ച് 19 ന് നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതീകശരീരം മാർച്ച് 23 ന് മഴുക്കീർബ്രദറൺ അസംബ്ളി ഹാളിലെശുശ്രൂഷകൾക്ക്ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കിഴക്കൻമുത്തൂർ, തിരുവല്ല** : സഹോദരൻ **രാജൻ തോമസ്** (71) മാർച്ച് 20 ന് നിത്യതയിൽ ചേർക്കേപ്പെട്ടു. ഭൗതീകശരീരം മാർച്ച് 25ന്ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം കിഴക്കൻ മുത്തൂർ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെപ്രാർത്ഥനയിൽ ഓർക്കുക.



**രാജകുമാരി, ഇടുക്കി** : സഹോദരൻ **എം.ജെ. ജെയിംസ്** (58) മാർച്ച് 15 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം മാർച്ച് 17 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം രാജകുമാരി ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**തിരൂർ, തൃശൂർ** : സുവി. പി.വി. ജോസിന്റെ സഹധർമ്മിണി **ശാന്താ ജോസ്** (67) മാർച്ച് 23 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം അന്ന് തന്നെ ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം പറവട്ടാനി ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. സുവി. എം.കെ. മുരളീധരൻ ചെറിയനാട് തന്റെ മരുമകനാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ആലപ്പുഴ** : സഹോദരൻ സാമുവേൽ പി. വർക്കിയുടെ സഹധർമ്മിണി **മേഴ്സി സാം** (72) മാർച്ച് 23 ന് നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതീകശരീരം മാർച്ച് 25 ന് ആലപ്പുഴബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു.



**പുളിക്കീഴ്, തിരുവല്ല** : സഹോദരൻ **ജോസ് എം. ഈപ്പൻ** (70) മാർച്ച് 22 ന് നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതീകശരീരം മാർച്ച് 25 ന്പുളിക്കീഴ് സഭാഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.

2 -ാം പേജ് തുടർച്ച

# തകർന്നവനെ ഉയർത്തുന്ന ദൈവം

ഒരുക്കുന്നു. നാം കുശവന്റെ കയ്യിലെ കളിമണ്ണാണ്. നമുക്കു പുകഴുവാൻ ഒന്നുമില്ല. അഴുക്കുചാലിൽ കിടന്ന മണ്ണിനെ കുശവൻ തിരഞ്ഞെടുത്തു തന്റെ കൈവിരുതുകൊണ്ട് മനസിലെ പ്ലാൻ അനുസരിച്ച് ചക്രത്തിന്മേൽ രൂപപ്പെടുത്തി എടുക്കുന്നു ഉല്പ. 3:19, ഇയ്യോ. 4:19. നാം പൊടി എന്നവൻ ഓർക്കുന്നു സങ്കീ. 103:14. പൊടിയിൽ നിന്നെടുത്ത മനുഷ്യൻ പൊടിയിലേക്ക് മടങ്ങിച്ചേരും സങ്കീ. 90:3. കൂടാരമായ ഭൗമഭവനം അഴിഞ്ഞുപോകും 2 കൊരി. 5:1. അഴിയാത്ത ഒരു നിത്യഭവനം സ്വർഗത്തിൽ ഒരുക്കുന്നു. ആ മണ്ണിന്മേൽ കുശവന് ഒരു പദ്ധതിയുണ്ട്. സങ്കീ. 115:3, 135:6 -ൽ ഭൂമിയിലും ആകാശത്തിലും ദൈവത്തിന് ഇഷ്ടമുള്ളതൊക്കെയും താൻ ചെയ്യുന്നു. തന്റെ ആഗ്രഹം എന്നിലൂടെ നിവർത്തിക്കേണ്ടതിന് എന്നെ രൂപപ്പെടുത്തി എടുക്കുന്ന പദ്ധതി ദൈവത്തിന്റേതാണ് നമ്മുടേതല്ല. നാം തന്റെ കയ്യിലെ മണ്ണാണ്. ഏതു പ്രതിസന്ധികളിലും തന്റെ ഇഷ്ടപ്രകാരം രൂപപ്പെടുത്തും. ആദിയിൽ ദൈവം നിലത്തിലെ പൊടികുഴച്ച് മനുഷ്യരൂപമുണ്ടാക്കി തന്റെ ശ്വാസം മൂക്കിൽ ഊതിയപ്പോൾ ജീവനുള്ള ദേഹിയായിത്തീർന്നു (ഉല്പ. 2:3). ഈ മനുഷ്യൻ ദൈവകല്പനയേക്കാൾ പിശാചിനെ അനുസരിച്ച് ദൈവവുമായുള്ള ബന്ധം വിട്ട് പാപിയായിത്തീർന്ന് ദൈവത്തിൽ നിന്നകന്നുപോയി. പിശാചിന്റെ ഏകലക്ഷ്യം മനുഷ്യനെ തെറ്റിക്കുക എന്നതാണ്. ചക്രത്തിൽ നിന്ന് പാത്രത്തെ തള്ളിയിടാൻ ശത്രു ശ്രമിക്കും. നാം അവന്റെ തന്ത്രങ്ങളെ തിരിച്ചറിയണം. നമ്മെ ഏതുവിധം പണിയുമെന്ന് ആർക്കും അറിയില്ല. ദൈവം മാത്രം അറിയുന്നു. 1 കൊരി. 2:9 -ൽ ദൈവം തന്റെ മക്കൾക്ക് ഒരുക്കിയിരിക്കുന്നത് ആരും കണ്ടിട്ടില്ല, ആരും അറിഞ്ഞിട്ടുമില്ല. എന്നെക്കുറിച്ചുള്ള ദൈവീക പദ്ധതി തന്റെ ആത്മാവിനാൽ വെളിപ്പെടുത്തുന്നു. ആർക്കും ഒരിക്കലും ചിന്തിക്കാൻ കഴിയാത്തനിലയിൽ ഒന്നുമില്ലായ്മയിൽ നിന്ന് എന്നെ പണിതുയർത്തുന്നു. യോസഫിനെ മിസ്രയിമിൽ ഏറ്റവും ഉയർത്തി. അതിന് പലവിധ കടമ്പകൾ കടക്കേണ്ടിയിരുന്നു. ഫറവോന്റെ രണ്ടാമനായി മിസ്രയിമിന്റെ അധിപനായി ഉയർത്തപ്പെട്ടു. യിര. 29:11 -ൽ കുശവന്റെ ഇഷ്ടപ്രകാരം മണ്ണിന് ഒരു ശുഭഭാവിയുണ്ടാകുന്നു. യേശു ഭൂമിയിൽ കടന്നുപോയ വഴികൾ എത്ര ഭയങ്കരം! ലോകം കരുതി ഇതോടെ അവൻ അവസാനിച്ചു. എന്നാൽ പിതാവിന്റെ ഇഷ്ടത്തിന് പൂർണ്ണമായി ഏല്പിച്ചു കൊടുത്തതിനാൽ ആ ചക്രത്തിന്മേൽ ഒരു സഭ രൂപപ്പെട്ടു. ഏദനിൽ ഉടഞ്ഞുപോയ തന്റെ പദ്ധതിയെ വീണ്ടും രൂപപ്പെടുത്തി എടുപ്പാൻ തന്റെ പുത്രനെ ഏല്പിച്ചു തന്നു. അവന്റെ മരണത്താൽ കോമളത്വമുള്ള മാനപാത്രങ്ങളായി പണിതുയർത്തി. അനേക വിശുദ്ധന്മാരെ തനിക്കുപയോഗമുള്ള മാനപാത്രങ്ങളാക്കി ഉയർത്തി. എന്നെ പണിയണമെന്നാഗ്രഹിച്ച് തൃക്കരങ്ങളിൽ ഏല്പിച്ചുകൊടുക്കുമെങ്കിൽ അവൻ നമ്മെ ഉയർത്തും. ദൈവീകപദ്ധതി എന്നിലൂടെ നിറവേറണമേ എന്ന വാഞ്ഛ നമുക്കുണ്ടാകണം. ചക്രത്തിന്മേൽ മണ്ണ് ഉണങ്ങിപ്പോകാതെ എപ്പോഴും മയമുള്ളതായിരിക്കണം. പരിശുദ്ധാത്മാവായ മയം മണ്ണിനുണ്ടാകണം. നാം പ്രത്യാശിക്കുന്നു. ശുഭഭാവി ഉണ്ടാകാൻ ഈ കണ്ണിമണ്ണിൽ ആത്മാവായ മയം ഉണ്ടെങ്കിൽ കുശവന് ഇഷ്ടമായ നിലയിൽ പണിത് രൂപപ്പെടുത്തി എടുക്കും. മയമുള്ളതിനെ മാത്രമേ കുശവന് ഉപയോഗിപ്പാൻ കഴിയൂ. പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. ചക്രത്തിന്മേലുള്ള മണ്ണിനെ മാനപാത്രമാക്കി മാറ്റുവാൻ കുശവന് പദ്ധതിയുണ്ട്. നാം പ്രതീക്ഷിക്കാത്ത നിലയിൽ അവൻ നമ്മെ രൂപപ്പെടുത്തും. അവൻ നമുക്കായി കരുതുന്നു. 1 പത്രോ. 5:7, യശ. 64:4 തീച്ചൂളയുടെ അനുഭവത്തിൽക്കൂടെ പോയാലും അവൻ നമ്മെ മാനപാത്രമാക്കി മാറ്റും. തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തെ അവൻ നിരസിക്കയില്ല. നമ്മെ തന്റെ ബലമുള്ള കരങ്ങളാൽ താങ്ങി മാനപാത്രമായി ഉപയോഗിക്കും. നാം അവന്റെ ഇഷ്ടത്തിന് ഏല്പിച്ചുകൊടുത്ത് അവന്റെ പാദത്തിൽ താണിരിക്കാം. നമ്മുടെ ചെറിയ ജീവിതം കൊണ്ട് അവനെ മഹത്വപ്പെടുത്താം. ●




ചിന്ത TVS

# തന്നെത്താൻ നമുക്ക് വേണ്ടി ജീവൻ അർപ്പിച്ച രക്ഷകൻ

ത്യാഗം, സമർപ്പണം, തന്നെത്താൻ ത്യജിക്കൽ എന്നീ പദപ്രയോഗങ്ങൾ വലിയ വിലയുള്ളതാണ്. അതിനുവേണ്ടി ജീവിതം യാഗവേദിയിൽ അർപ്പിച്ച പലരും ചരിത്രത്തിന്റെ താളുകളിൽ മായാത്ത മുദ്ര പതിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ തങ്ങളുടെ ജീവിതയാത്രയിൽ പ്രവേശിച്ച പലരും വിജയിച്ചിട്ടുണ്ട്. ചിലർ ത്യാഗപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനാൽ നിനക്കാത്ത നിമിഷങ്ങളിൽ മരണത്തിന് കീഴ്പ്പെടുത്തേണ്ടതായും വന്നിട്ടുണ്ട്. എന്നാൽ ലോകത്തിന് വലിയ ത്യാഗത്തിന്റെ മാതൃക കാണിച്ചു തന്നിട്ടുള്ളത്. മർത്യന്റെ പാപപരിഹാരാർത്ഥം ലോകത്തിലേക്ക് സ്വർഗ്ഗീയ മഹത്വം വെടിഞ്ഞ് കടന്നുവന്ന നസ്രായനായ യേശുക്രിസ്തുവാണ്. ക്രിസ്തുവും നമ്മെ സ്നേഹിച്ച് നമുക്ക് വേണ്ടി തന്നെത്താൻ ദൈവത്തിന് സൗരഭ്യവാസനയായ വഴിപാടും യാഗവുമായി സമർപ്പിച്ചവനാണ്. ഇതുപോലെ ഒരു വ്യക്തി മനുഷ്യർക്കുവേണ്ടി തന്റെ ജീവൻ യാഗവേദിയിൽ സമർപ്പിച്ചതായ ആരും തന്നെ ഇന്നേവരെ ലോകത്തിൽ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയും ഇല്ല.

ഒരു ദിവസം ഫ്രെഡി തന്റെ വീടിന് സമീപത്ത് കൂട്ടുകാരുമായി കളിച്ചുകൊണ്ടിരിക്കയായിരുന്നു. ആ സമയത്ത് മുടന്തനായ ഒരു മനുഷ്യൻ തന്റെ വീട്ടിലേക്ക് വരുന്നതായി കണ്ടു. അവൻ അയാളെ കണ്ട മാത്രയിൽ തന്റെ കൂട്ടുകാരുമൊത്ത് അദ്ദേഹത്തിന്റെ പിന്നാലെ ചെന്ന് കളിയാക്കി. എന്നാൽ ആ മുടന്തനെ കണ്ടപ്പോൾ ഫ്രെഡിയുടെ മമ്മി ഏറെ ആദരവോടെ അയാളെ തന്റെ വീട്ടിൽ സ്വീകരിച്ചിരുത്തി സംസാരിക്കുന്നത് അവൻ കണ്ടു. അത് കണ്ടപ്പോൾ അവന്റെ മനസ്സിന് അല്പം പ്രയാസം തോന്നി. ഞങ്ങൾ കളിയാക്കിയ ഒരു മുടന്തനെ അകത്ത് വിളിച്ചിരുത്തി എന്തിന് മമ്മി ബഹുമാനിക്കണം? അങ്ങനെ മമ്മിക്കു തോന്നിയതിന്റെ രഹസ്യം എന്താണ് എന്ന് അവൻ ചിന്തിക്കാൻ തുടങ്ങി.

മമ്മി ഫ്രെഡിയോടും തന്റെ കൂട്ടുകാരോടും ആ രഹസ്യം വെളിപ്പെടുത്തി. "12 വർഷങ്ങൾക്കുമുമ്പ് ഫ്രെഡി ജനിച്ച് ഏതാനും ദിവസങ്ങൾക്കുശേഷം നേഴ്സിനോടൊപ്പം ഒരു കുതിരവണ്ടിയിൽ ആശുപത്രിയിലേക്ക് യാത്ര ചെയ്യുകയായിരുന്നു. കുരിരവണ്ടി ഒരു തടാകത്തിന് സമീപത്ത് വച്ച് മറിയാൻ ഇടയായി. അന്ന് ആ തടാകത്തിലേക്ക് ചാടി സ്വന്തജീവൻ പോലും അവഗണിച്ച് ഫ്രെഡിയെ രക്ഷിച്ച വ്യക്തിയാണ് അദ്ദേഹം. ഫ്രെഡിയുടെ ജീവൻ രക്ഷിക്കുന്നതിന് ഇടയിൽ അദ്ദേഹത്തിന്റെ കാൽ അപകടത്തിൽപ്പെട്ടാണ് കാൽമുടന്തായത്". വർഷങ്ങൾ പലതും കഴിഞ്ഞുപോയിട്ടും മമ്മിയും അദ്ദേഹവും ആ കാര്യം മറന്നിട്ടില്ല. വർഷങ്ങൾ 12 കഴിഞ്ഞിട്ടും ഫ്രെഡിയുടെ മമ്മി ത്യാഗസമ്പൂർണ്ണമായ അദ്ദേഹത്തിന്റെ പ്രവർത്തനത്തെ മറന്നു കളയാതെ അദ്ദേഹത്തോട് നന്ദി അറിയിക്കുകയും ചെയ്തു. ആ നന്ദി നിറഞ്ഞ ഹൃദയത്തോടെ തന്നെയാണ് അദ്ദേഹത്തെ വീട്ടിലേക്ക് സ്വീകരിച്ചത്. ഈ ചരിത്രം കേട്ടപ്പോൾ ഫ്രെഡിയുടെയും കൂട്ടുകാരുടേയും കണ്ണുകൾ നിറഞ്ഞു. അവർ നിറകണ്ണുകളോടെ അദ്ദേഹത്തിന്റെ പാദപീഠത്തിൽ വീണ് നന്ദി പറഞ്ഞു. അദ്ദേഹത്തെ പരിഹസിച്ചതിന് അവർ അദ്ദേഹത്തോട് ക്ഷമ ചോദിക്കയും ചെയ്തു.

ഇതുപോലെയാണ് ഇന്ന് ലോകം നസ്രായനായ യേശുവിനെ കാണുന്നത് കർത്താവ് മുഖാന്തരം ലോകത്തിന് വരാൻ പോകുന്ന അപകടത്തിൽ നിന്ന് അഥവാ നരകത്തിന്റെ ഭയാനകമായ തീയിൽ നിന്ന് രക്ഷിച്ച് സ്വർഗ്ഗീയ അവകാശത്തിലേക്ക് കൊണ്ടുവന്ന കർത്താവിനെ ആർക്കും വേണ്ട. അവനെ ക്രൂശിക്കണം എന്നായിരുന്നു അന്നത്തെ ലോകത്തിന്റെ വാഞ്ഛ. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും ഇരുന്നു. അവന് രൂപഗുണം ഇല്ല; കോമളത്വവും ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവും ഇല്ല. നമ്മുടെ പാപത്തിന്റെ ശിക്ഷ താൻ ഏറ്റെടുത്തപ്പോൾ തന്റെ അവസ്ഥ ആ നിലയിൽ ആയിത്തീർന്നു. ആകയാൽ ഫ്രെഡിയും കൂട്ടുകാരും കളിയാക്കിയ തന്റെ രക്ഷകനെ അമ്മ മാനിച്ചതുപോലെ നമ്മുടെ രക്ഷാനായകനെ നമുക്ക് സ്നേഹിക്കാം, ആരാധിക്കാം, സകലമഹത്വവും നല്കാം. അതിനു ദൈവം നമ്മെ സഹായിക്കട്ടെ. സ്തോത്രം. ●

SUVISESHADHWANI
Fortnightly
Vol. 41 Issue 40
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas,** Cheppad
Tel. +91 9495162788
Sub Editors:
**John Joseph** (South Division)
Tel. +91 9496465298
**A.D. James** (North division)
Tel. +91 9446814115
**John Mathews P.** (Malabar Division)
Tel. +91 9605962095
**K.V. Jose** (High Range Division)
Tel. +91 8606083652
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875

**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2022-24
Licence No: KL/TV(S)/WPP/251/2022-24
Licensed to Post without prepayment
Date of Publishing : 01-04-2023
If undelivered please return to :
Managing Editor
Suviseshadwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121.



Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum